3
2021
ഡിസംബർ
വെള്ളി
1197
വൃശ്ചികം 18

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391








തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 198 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-198 പേജ് 4. വില 2.00 രൂപ



02 സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പുതിയ സംരംഭങ്ങൾക്ക് തുടക്കമായി

03 കേരളത്തിൽ ഇന്ന് 4,700 പേർക്ക് കോവിഡ്

04 ഒമിക്രോൺ: പ്രത്യേക വാക്സിനേഷൻ യജ്ഞം ആരംഭിച്ചു


## രാജ്യത്ത് ഒമിക്രോൺ സ്ഥിരീകരിച്ചു

# അതീവ ജാഗ്രത പാലിക്കണം: മന്ത്രി വീണാ ജോർജ്



തിരുവനന്തപുരം: അയൽ സംസ്ഥാനമായ കർണാടകയിൽ അതിതീവ്രവ്യാപന ശേഷിയുള്ള കോവിഡ് വകഭേദമായ ഒമിക്രോൺ സ്ഥിരീകരിച്ച സ്ഥിതിക്ക് എല്ലാവരും അതീവ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്.

സംസ്ഥാനം മുന്നൊരുക്ക പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർ, തദ്ദേശ സ്ഥാപനങ്ങൾ, പോലീസ്, ജില്ലാ ഭരണകൂടം എന്നിവർ ഒത്തൊരുമിച്ച് പ്രവർത്തിക്കും. ഉയർന്ന റിസ്ക് രാജ്യങ്ങളിൽ നിന്നുവരുന്നവർക്ക് പരിശോധനകൾ നിർബന്ധമാണ്.

കേന്ദ്ര മാർഗനിർദേശ പ്രകാരം റിസ്ക് രാജ്യങ്ങളിൽ നിന്നും വരുന്നവർക്ക് ഏഴ് ദിവസം ക്വാറൻറൈനും ഏഴ് ദിവസം സ്വയം നിരീക്ഷണവുമാണ്. അല്ലാത്ത രാജ്യങ്ങളിൽ നിന്നും വരുന്നവരിൽ രണ്ട് ശതമാനം പേരെ പരിശോധിക്കുന്നതാണ്. അവരിൽ നെഗറ്റീവാകുന്നവർക്ക് 14 ദിവസം സ്വയം നിരീക്ഷണമാണുള്ളത്. പോസീറ്റീവായാൽ ആശുപത്രിയിൽ പ്രത്യേകം തയാറാക്കിയ വാർഡുകളിലേക്ക് മാറ്റുമെന്നും മന്ത്രി വ്യക്തമാക്കി.

വാക്സിൻ എടുക്കുകയെന്നതാണ് പ്രധാന പ്രതിരോധം. അതുപോലെ അടിസ്ഥാന സുരക്ഷാ മാർഗങ്ങളും പിന്തുടരണം. റിസ്ക് രാജ്യങ്ങളിൽ നിന്ന് സംസ്ഥാനത്ത് വന്നവരുടെ ജനിതക ശ്രേണീകരണ പരിശോധനയിൽ ഇതുവരെ ഒമിക്രോൺ കണ്ടെത്തിയിട്ടില്ല.

വിമാനത്താവളങ്ങളിൽ സജ്ജമായുള്ള ആരോഗ്യ പ്രവർത്തകരുടെ സംഘം യാത്രക്കാർക്ക് എല്ലാ സഹായവും നൽകും. ഡെൽറ്റ വകഭേദത്തേക്കാൾ വളരെ വലിയ വ്യാപന ശേഷിയുള്ളതിനായതിനാൽ ഒമിക്രോൺ ബാധിച്ചാൽ കൂടുതൽ പേർക്ക് ആശുപത്രി ചികിത്സ ആവശ്യമായി വന്നേക്കും. അങ്ങനെയൊരു സാഹചര്യം ഉണ്ടാകാതിരിക്കാൻ നമുക്ക് കരുതലുണ്ടാകണം. സംസ്ഥാനം എല്ലായിപ്പോഴും രോഗവ്യാപനം അതിവേഗത്തിൽ കൂടുന്നത് തടയാനാണ് ശ്രമിച്ചത്.

വാക്സിനേഷൻ പ്രതിരോധം നൽകുമെന്നാണ് കണക്കാക്കുന്നത്. സംസ്ഥാനത്ത് 96.3 ശതമാനം പേർക്ക് ആദ്യ ഡോസ് വാക്സിനും 65.8 ശതമാനം പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകിയിട്ടുണ്ട്. ഇതിനോടൊപ്പം ശരിയായ രീതിയിൽ മാസ്ക് ധരിക്കുക, സാമൂഹിക അകലം പാലിക്കുക, കൈകൾ ഇടയ്ക്കിടയ്ക്ക് സോപ്പോ സാനിറ്റൈസറോ ഉപയോഗിച്ച് ശുചിയാക്കുക എന്നിവ കുറേക്കൂടി ശക്തമാക്കണമെന്നും മന്ത്രി വ്യക്തമാക്കി.



# മരയ്ക്കാർ എത്തി; ആരാധകർക്കൊപ്പം ചിത്രം കണ്ട് മോഹൻലാൽ

കൊച്ചി: സിനിമാസ്വാദകർക്ക് കാഴ്ച വിരുന്നൊരുക്കി 'മരയ്ക്കാർ അറബിക്കടലിൻറെ സിംഹം' തീയറ്ററുകളിൽ എത്തി. ചിത്രത്തിൻറെ ആദ്യ പ്രദർശനം കാണാൻ മോഹൻലാലും എത്തിയിരുന്നു. കൊച്ചിയിലെ സരിത തീയേറ്ററിലാണ് മോഹൻലാലും കുടുംബവും ചിത്രം കാണാൻ എത്തിയത്. ഒപ്പം ചിത്രത്തിൻറെ നിർമാതാവ് ആൻറണി പെരുമ്പാവൂരും ഉണ്ടായിരുന്നു.

ഏറെ പ്രത്യേകതയുള്ള സിനിമയായതുകൊണ്ടാണ് ചിത്രം കാണാൻ നേരിട്ട് തിയറ്ററിലെത്തിയതെന്ന് മോഹൻലാൽ പറഞ്ഞു. സിദ്ദിഖ്, ഉണ്ണി മുകുന്ദൻ, ഹണിറോസ്, സന്തോഷ് കീഴാറ്റൂർ തുടങ്ങി നിരവധി താരങ്ങളും സിനിമ കാണാൻ സരിത തിയറ്ററിൽ എത്തി. അതേസമയം, തീയറ്ററിൽ കോവിഡ് പ്രോട്ടോക്കോൾ പാലിക്കാത്തതിൽ വിമർശനവും ഉയരുന്നുണ്ട്.

റിക്കാർഡ് സൃഷ്ടിച്ചാണ് ചിത്രം ഇന്ന് ലോകവ്യാപകമായി റിലീസിനെത്തിയത്. റിലീസിനു മുമ്പേ 100 കോടി ക്ലബിൽ ഇടംനേടിയിരുന്നു. റിസർവേഷനിലൂടെ മാത്രമാണ് ചിത്രം 100 കോടി ക്ലബിൽ എത്തിയത്. മരയ്ക്കാർ റിലീസ് പ്രഖ്യാപിച്ച അന്ന് മുതൽ തന്നെ പ്രീ ബുക്കിംഗ് തുടങ്ങിയിരുന്നു.കേരളത്തിലെ 631 സ്ക്രീനുകളിൽ 626ലും മരക്കാർ പ്രദർശിപ്പിക്കുന്നുണ്ട്.

ലോകമാകമാനം 4100 സ്ക്രീനുകളിലാണ് മരയ്ക്കാർ പ്രദർശനത്തിനെത്തിയത്. 2018 ഏപ്രിൽ 28ന് പ്രഖ്യാപിച്ച ചിത്രമാണ് മൂന്നര വർഷങ്ങൾക്കു ശേഷമാണ് തിയറ്ററുകളിൽ എത്തിയത്. കാത്തിരിപ്പിനൊടുവിൽ എത്തിയ മോഹൻലാലിൻറെ ബിഗ്ബജറ്റ് ചിത്രം ആഘോഷമാക്കി മാറ്റിയിരിക്കുകയാണ് സിനിമാസ്വാദകർ

# വിദ്യാർഥികളുടെ ബസ് ചാർജ് വർധനവ്: ചർച്ച തുടരുമെന്ന് ഗതാഗതമന്ത്രി

തിരുവനന്തപുരം: വിദ്യാർഥികളുടെ യാത്രാ കൺസഷൻ നിലവിലെ രീതിയിൽ തുടരണമെന്ന വിദ്യാർഥി സംഘടനകളുടെ ആവശ്യത്തിൽ സ്വകാര്യ ബസുടമകളുമായും ജസ്റ്റീസ് രാമചന്ദ്രൻ കമ്മീഷനുമായും ചർച്ച ചെയ്ത ശേഷം അന്തിമ തീരുമാനമെടുക്കുമെന്ന് ഗതാഗത മന്ത്രി ആൻറണി രാജു.

ബസ് ചാർജ് വർധനവ് സംബന്ധിച്ച് വിദ്യാർഥി സംഘടനാ പ്രതിനിധികളുമായി ഗതാഗതമന്ത്രി ആൻറണി രാജുവും പൊതു വിദ്യാഭ്യാസ തൊഴിൽ മന്ത്രി വി. ശിവൻകുട്ടിയും നടത്തിയ ചർച്ചയിലാണ് കൺസഷൻ നിലവിലുള്ളതുപോലെ തുടരണമെന്ന് വിദ്യാർഥി സംഘടനകൾ ആവശ്യപ്പെട്ടത്.

വിദ്യാർഥികളുടെ മിനിമം ചാർജ് നിലവിലുള്ള ഒരു രൂപയിൽ നിന്ന് ആറ് രൂപയായി വർധിപ്പിക്കണമെന്നും വിദ്യാർഥികളുടെ കൺസഷൻ നിരക്ക് 50 ശതമാനമായി ഉയർത്തണമെന്നുമായിരുന്നു സ്വകാര്യ ബസ് ഉടമകളുടെ ആവശ്യം.

ബസ് നിരക്ക് നിർദ്ദേശിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ജസ്റ്റീസ് രാമചന്ദ്രൻ കമ്മീഷൻ ശിപാർശയും വിദ്യാർഥികളുടെ ബസ് ചാർജ് അഞ്ച് രൂപയായി വർധിപ്പിക്കണം എന്നായിരുന്നു. 2012ലാണ് വിദ്യാർഥികളുടെ മിനിമം ബസ് ചാർജ് 50 പൈസയിൽ നിന്നും ഒരു രൂപയായി വർധിപ്പിച്ചത്.

ഡീസലിൻറെയും അനുബന്ധ ഘടകങ്ങളുടെയും വിലവർധന പരിഗണിച്ച് ചാർജ് വർധിപ്പിക്കണമെന്ന ആവശ്യത്തിൽ സ്വകാര്യ ബസുടമ സംഘടനകളുമായി നടത്തിയ ചർച്ചയിൽ ചാർജ് വർധിപ്പിക്കാൻ സർക്കാർ തീരുമാനിക്കുകയും ഇതു സംബന്ധിച്ച് വിദ്യാർഥി സംഘടനകളെക്കൂടി വിശ്വാസത്തിലെടുത്തേ തീരുമാനിക്കൂ എന്നും ഗതാഗത മന്ത്രി അറിയിച്ചിരുന്നു.

ഇതിൻറെ തുടർച്ചയായാണ് വിദ്യാർഥി സംഘടനാ പ്രതിനിധികളുമായി മന്ത്രിമാർ ചർച്ച നടത്തിയത്.

# ഡീസൽ ബങ്കിൽ നിന്ന് ഇന്ധനം നിറയ്ക്കുന്നവർക്ക് സബ്സിഡിയുമായി മത്സ്യഫെഡ്

മത്സ്യഫെഡിന്റെ ഡീസൽ ബങ്കിൽ നിന്നും 100 ലിറ്ററിൽ കൂടുതൽ ഡീസൽ നിറയ്ക്കുന്ന യാനങ്ങൾക്ക് ഡീസലിന് ഒരു രൂപ ക്രമത്തിൽ വിലകുറച്ചു നൽകുന്ന പദ്ധതിയുമായി മത്സ്യഫെഡ്.

സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (ഡിസംബർ 3) രാവിലെ 10 മണിക്ക് ശക്തികുളങ്ങര മത്സ്യഫെഡ് ഡീസൽ ബങ്ക് ഗ്രൗണ്ടിൽ മത്സ്യഫെഡ് ചെയർമാൻ ടി. മനോഹരൻ നിർവഹിക്കും. സുജിത്ത് വിജയൻപിള്ള എം.എൽ.എ. അധ്യക്ഷനാകും. മത്സ്യഫെഡ് ഭരണസമിതി അംഗം ജി.രാജദാസ് സ്വാഗതം പറയും. കൗൺസിലർ രാജു നീലകണ്ഠൻ, ഭരണ സമിതി അംഗം സബീന സ്റ്റാൻലി, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കെ. സുഹൈർ തുടങ്ങിയവർ പങ്കെടുക്കും. ജില്ലാ മാനേജർ എം. നൗഷാദ് കൃതജ്ഞത നന്ദി പറയും.

## ഡാം സുരക്ഷ ബിൽ രാജ്യസഭ പാസാക്കി

ന്യൂഡൽഹി: ഡാം സുരക്ഷ ബിൽ രാജ്യസഭ പാസാക്കി. രാജ്യത്തെ പ്രധാന അണകെട്ടുകൾ എല്ലാം ദേശീയ തലത്തിൽ രൂപീകരിക്കുന്ന ഡാം സുരക്ഷ അതോറിറ്റിക്ക് കീഴിലാക്കുന്ന ബില്ലിന് പാർലമെൻറിൻറെ അംഗീകാരം ലഭിച്ചു.

നേരത്തെ ലോക്സഭ പാസാക്കിയ ബിൽ ഇന്ന് ശബ്ദവോട്ടോടെ രാജ്യസഭയും പാസാക്കി. ഫെഡറൽ അവകാശങ്ങളിലേക്കുള്ള കടന്നുകയറ്റമെന്ന പ്രതിപക്ഷ അംഗങ്ങളുടെ എതിർപ്പുകൾ രാജ്യസഭ തള്ളി.

നിയമം നിലവിൽ വരുന്നതോടെ അണക്കെട്ടുകളുടെ നിരീക്ഷണം, പരിശോധന, നിയന്ത്രണം, പരിപാലനം എന്നിവ ദേശീയ അതോറിറ്റി നിർവഹിക്കും. ദേശീയ അതോറിറ്റിക്ക് കീഴിൽ സംസ്ഥാനതല സമിതികളും ഉണ്ടാകും. കേരളത്തിലെ 50ൽ അധികം അണകെട്ടുകൾ ഉൾപ്പെടെ രാജ്യത്തെ 5000ൽ അധികം അണകെട്ടുകൾ ഇതോടെ കേന്ദ്രത്തിൻറെ നിയന്ത്രണത്തിൽ ആകും.

## തിരുവല്ലയിൽ നടന്നത് ആസൂത്രിത കൊലപാതകമെന്ന് എ. വിജയരാഘവൻ

തിരുവനന്തപുരം: തിരുവല്ലയിലെ സിപിഎം ലോക്കൽ സെക്രട്ടറിയുടെ കൊലപാതകം ആസൂത്രിതമെന്ന് പാർട്ടി സംസ്ഥാന ആക്ടിംഗ് സെക്രട്ടറി എ. വിജയരാഘവൻ. കൊലപാതകത്തിനു പിന്നിൽ ആർഎസ്എസ് പ്രവർത്തകരാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

നാടിൻറെ സമാധാനം തകർക്കാനുള്ള ആർഎസ്എസ് ശ്രമമാണ് നടന്നത്. ക്രൂരമായ കൊലപാതകമാണ് നടന്നിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഈ പ്രദേശത്തുനിന്നും നിരവധി ബിജെപി പ്രവർത്തകർ സിപിഎമ്മിൽ ചേരുന്നുണ്ട്. ഇതിൻറെ പകയാണ് കൊലയ്ക്ക് പിന്നിലെന്നും വിജയരാഘവൻ ആരോപിച്ചു.

തിരുവല്ല പെരിങ്ങര ലോക്കൽ സെക്രട്ടറി പി.ബി. സന്ദീപ് കുമാറാണ് കൊല്ലപ്പെട്ടത്. വ്യാഴാഴ്ച രാത്രി എട്ടോടെ മേപ്രാലിൽ വച്ചായിരുന്നു സംഭവം. ബൈക്കിലെത്തിയ മൂന്നംഗസംഘമാണ് സന്ദീപിനെ ആക്രമിച്ചത്.

ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ സന്ദീപിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മുൻ പഞ്ചായത്ത് അംഗം കൂടിയാണ് സന്ദീപ്.

# തിരുവല്ലയിൽ സിപിഎം ലോക്കൽ സെക്രട്ടറിയെ വെട്ടിക്കൊന്നു



തിരുവല്ല: തിരുവല്ലയിൽ സിപിഎം ലോക്കൽ സെക്രട്ടറിയെ അജ്ഞാത സംഘം വെട്ടിക്കൊന്നു. തിരുവല്ല പെരിങ്ങര ലോക്കൽ സെക്രട്ടറി പി.ബി. സന്ദീപ് കുമാറാണ് കൊല്ലപ്പെട്ടത്. വ്യാഴാഴ്ച രാത്രി എട്ടോടെ മേപ്രാലിൽ വച്ചായിരുന്നു സംഭവം.

ബൈക്കിലെത്തിയ മൂന്നംഗസംഘമാണ് സന്ദീപിനെ ആക്രമിച്ചത്. ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ സന്ദീപിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മുൻ പഞ്ചായത്ത് അംഗം കൂടിയാണ് സന്ദീപ്. കൊലപാതകത്തിനു പിന്നിൽ ആർഎസ്എസാണെന്നു സിപിഎം ആരോപിച്ചു.

## തിരുവല്ലയിൽ വെള്ളിയാഴ്ച ഹർത്താൽ

തിരുവല്ല: സിപിഎം ലോക്കൽ സെക്രട്ടറിയുടെ കൊലപാതകത്തിൽ പ്രതിഷേധിച്ച് തിരുവല്ലയിൽ വെള്ളിയാഴ്ച സിപിഎം ഹർത്താൽ. നഗരസഭയിലും പെരിങ്ങര അടക്കം അഞ്ച് പഞ്ചായത്തുകളിലുമാണ് ഹർത്താൽ.

രാവിലെ ആറു മുതൽ വൈകുന്നേരം ആറ് വരെയാണ് ഹർത്താൽ. തിരുവല്ല പെരിങ്ങര ലോക്കൽ സെക്രട്ടറി പി.ബി. സന്ദീപ് കുമാറാണ് കൊല്ലപ്പെട്ടത്. വ്യാഴാഴ്ച രാത്രി എട്ടോടെ മേപ്രാലിൽ വച്ചായിരുന്നു സംഭവം. ബൈക്കിലെത്തിയ മൂന്നംഗസംഘമാണ് സന്ദീപിനെ ആക്രമിച്ചത്.

ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ സന്ദീപിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മുൻ പഞ്ചായത്ത് അംഗം കൂടിയാണ് സന്ദീപ്.

## മണിചെയിൻ മാതൃകയിൽ കോടികളുടെ സാമ്പത്തിക തട്ടിപ്പ്: ദമ്പതികൾക്കെതിരേ കേസെടുത്തു

തിരുവനന്തപുരം: മണി ചെയിൻ മാതൃകയിൽ കോടികളുടെ സാമ്പത്തിക തട്ടിപ്പു നടത്തിയ പരാതിയിൽ ദമ്പതികൾക്കെതിരേ പോലീസ് കേസെടുത്തു. ഇൻട്രാ ഡേ ട്രേഡിംഗ് എന്ന പേരിൽ മണിചെയിൻ മാതൃകയിൽ ഉടൻ പണം സമ്പാദിക്കാൻ ആകർഷകമായ വാഗ്ദാനങ്ങൾ നൽകി സംസ്ഥാനത്തിൻറെ വിവിധ പ്രദേശങ്ങളിൽ നിന്നു വിദേശത്തു നിന്നും നിരവധി പേരിൽ നിന്നായി കോടികൾ തട്ടിയെന്നാണു പരാതി.

ഇതുമായി ബന്ധപ്പെട്ടു പറവൂർ മാക്കനായി മണ്ണാന്തറ അബ്ദുൽ ഖാദറിൻറെ മകൻ അബൂബക്കർ (54), ഭാര്യ ആലുവ ആനക്കാട്ട് സുനിത ബക്കർ (48) എന്നിവർക്കെതിരെ കൊടുങ്ങല്ലൂർ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

പറവൂർ മാക്കനായിൽ ആബ്സ് എന്ന പേരിൽ സ്ഥാപനം തുടങ്ങിയാണ് ഇവർ തട്ടിപ്പിനു തുടക്കമിട്ടത്. ചില പ്രമുഖ സ്ഥാപനങ്ങളുടെ വ്യാപാര പങ്കാളിയെന്ന നിലയിലാണ് ഇവർ നിക്ഷേപകരെ കണ്ടെത്തിയത്.

തട്ടിപ്പിനിരയായവരുടെ പരാതികൾ കൊടുങ്ങല്ലൂർ സ്റ്റേഷനിലെത്തുകയും പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയും ചെയ്തു. ദമ്പതികൾ ഒളിവിലാണെന്നും ഇവർക്കായുള്ള തെരച്ചിൽ ഊർജിതമാക്കിയതായും പോലീസ് പറഞ്ഞു.

## തിരുവനന്തപുരത്ത് കുട്ടികൾക്ക് 15ാം വയസിലെ വാക്സിന് പകരം നൽകിയത് കോവിഷീൽഡ്

തിരുവനന്തപുരം: തിരുവനന്തപുരത്ത് രണ്ട് കുട്ടികൾക്ക് വാക്സിൻ മാറി കുത്തിവച്ചു. 15ാം വയസിൽ നൽകേണ്ട വാക്സിന് പകരം കോവിഡ് വാക്സിനായ കോവിഷീൽഡാണ് നൽകിയത്. ആര്യനാട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിലാണ് സംഭവം. 15ാം വയസിൽ എടുക്കേണ്ട കുത്തിവയ്പ്പിന് വേണ്ടിയായിരുന്നു കുട്ടികൾ ആരോഗ്യ കേന്ദ്രത്തിൽ എത്തിയത്. കുത്തിവയ്പ്പ് എടുക്കുന്ന സ്ഥലം മാറി കോവിഡ് വാക്സിൻ എടുക്കുന്ന സ്ഥലത്തേക്കാണ് കുട്ടികൾ പോയതെന്നാണ് വിവരം.



കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (കെ-ഡിസ്ക്) യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യുന്നു

# ചെറുപ്പക്കാരെ തൊഴിൽ ദാതാക്കളാക്കുന്ന മനോഭാവത്തിലേക്കു സമൂഹം മാറണം: മുഖ്യമന്ത്രി

തൊഴിൽ അന്വേഷകർ എന്നതിനേക്കാളുപരി തൊഴിൽ ദാതാക്കളായി ചെറുപ്പക്കാരെ രൂപാന്തരപ്പെടുത്താനുള്ള മനോഭാവ മാറ്റത്തിലേക്കു സമൂഹം മാറണമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. നാടിന്റെ പൊതുവായ പ്രശ്നങ്ങൾ മനസിലാക്കി ക്രിയാത്മകമായി ഇടപെടാൻ ചെറുപ്പക്കാർക്കു കഴിയണമെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ(കെഡിസ്ക്) യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ പുത്തൻ ആശയ രൂപീകരണത്തിന് ഊന്നൽ നൽകി കെഡിസ്ക് നടപ്പാക്കുന്ന യങ് ഇന്നൊവേറ്റേഴ്സ് പദ്ധതി രാജ്യത്തുതന്നെ സമാനതകളില്ലാത്തതാണെന്നു മുഖ്യമന്ത്രി പറഞ്ഞു. സാങ്കേതിക വിദ്യയെ മനുഷ്യ ന യ്ക്കായി ഉപയോഗിക്കുക എന്നതാണു സർക്കാരിന്റെ കാഴ്ചപ്പാട്. അതിനായി ഈ മേഖലയിലെ മുന്നേറ്റങ്ങളെ സ്വാംശീകരിക്കുകയും ദൈനംദിന ജീവിതത്തിലെ പ്രശ്നപരിഹാരത്തിന് ഉപയോഗപ്പെടുത്തുകയും വേണം. യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം പോലുള്ള പദ്ധതികൾ ഇതു ലക്ഷ്യംവച്ചുള്ളതാണ്.

നൈപുണ്യ വികസനം, വ്യവസായ പുനഃസംഘടന, കാർഷിക നവീകരണം എന്നിവയ്ക്ക് ഊന്നൽ നൽകി 40,00,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനു ശ്രമിക്കുന്നത്. ഇവ മൂന്നിലും കൃത്യമായി ഇടപെടാൻ യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിനു കഴിയണം. വിജ്ഞാന സമ്പദ്ഘടനയായും നൂതന സമൂഹമായും കേരളത്തെ പരിവർത്തനപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് ഇത് ഉത്തേജനം പകരും. ചെറുപ്പക്കാരുടെ അറിവും ശേഷിയും വ്യക്തിഗത വികാസത്തിനെന്നപോലെ നാടിന്റെ പൊതുവായ ന യ്ക്കും പ്രയോജനപ്പെടുത്തണം. ഇതിനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കാനും പദ്ധതിക്കാകണം. 2018 ൽ ആരംഭിച്ച യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിൽ ഏതൊക്കെ മേഖലകളിലെ പ്രശ്നങ്ങൾ കണ്ടെത്തിയെന്നും പരിഹാരമുണ്ടാക്കിയെന്നും വിലയിരുത്തണം. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം മുതലുള്ള പദ്ധതിയെ രൂപപ്പെടുത്തുകയും നിരന്തരം നവീകരിക്കുകയും വേണം. അപ്പോൾ മാത്രമേ 'ഇന്നൊവേഷൻ' എന്ന ആശയം പൂർണമായി ഉൾക്കൊണ്ടുവെന്നു കരുതാനാകൂ. 1,00,000 വിദ്യാർഥികൾ, 30,000 ആശയങ്ങൾ എന്ന ലക്ഷ്യത്തിൽ നടപ്പാക്കുന്ന പദ്ധതിക്ക്, സുസ്ഥിരതയിലൂന്നിയുള്ള കേരളത്തിന്റെ സമഗ്ര വികസനത്തിൽ നിർണായക പങ്കുവഹിക്കാൻ കഴിയണമെന്നും മുഖ്യന്ത്രി പറഞ്ഞു. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ, തൊഴിൽ രംഗങ്ങളിൽ അടുത്ത നാലര വർഷംകൊണ്ടു വലിയ മാറ്റമുണ്ടാകുമെന്നു ചടങ്ങിൽ അധ്യക്ഷതവഹിച്ച പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. പഠനത്തോടൊപ്പം വിദ്യാർഥികളുടെ നൂതന ആശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സർക്കാരിന്റെ പൂർണ പിന്തുണയുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

ഉത്പാദന മേഖലയുടെ വളർച്ച വേണ്ടത്ര വരുന്നില്ലെന്നതു രാജ്യം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണെന്നു പദ്ധതിയുടെ പ്രീ രജിസ്ട്രേഷൻ ആൻഡ് വോയ്സ് ഓഫ് കസ്റ്റമർ മൊഡ്യൂൾ ഉദ്ഘാടനം ചെയ്തു ധനമന്ത്രി കെ.എൻ ബാലഗോപാൽ പറഞ്ഞു. ഉത്പാദന ശൃഘലയിൽ നൂതന ആശയങ്ങളും ഇടപെടലുകളും വേണം. ഇതിൽ കേരളത്തിനു കൂടുതൽകാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന പ്രഖ്യാപനമായി പദ്ധതി മാറണം.

യുവതലമുറയുടെ സ്വപ്നങ്ങളെ പ്രയോഗതലത്തിലേക്കെത്തിക്കാൻ സർക്കാർ ഒപ്പമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. പൂജപ്പുര എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൻ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഗതാഗത മന്ത്രി ആന്റണി രാജു, എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. എം.എസ്. രാജശ്രീ, കെഡിസ്ക് എക്സിക്യൂട്ടിവ് വൈസ് ചെയർമാൻ കെ.എം. ഏബ്രഹാം, പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ. ജീവൻബാബു തുടങ്ങിയവർ പങ്കെടുത്തു.

# 'ഹർ ഘർ ദസ്തക്' മുന്നേറ്റത്തിന് കീഴിൽ കൈവരിച്ച പുരോഗതി/ നിലവിലെ അവസ്ഥ എന്നിവ സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവയുമായി കേന്ദ്ര ആരോഗ്യ മന്ത്രാലയം വിലയിരുത്തി

നവംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം വാക്സിൻ ഒന്നാം ഡോസ് വിതരണത്തിൽ 5.9 ശതമാനത്തിന്റെ വർധയാണ് 'ഹർ ഘർ ദസ്തക്' ദേശീയതല കോവിഡ്19 പ്രതിരോധ കുത്തിവെപ്പ് പ്രചാരണത്തിന്റെ ഫലമായി ഉണ്ടായത്. പ്രചാരണ കാലയളവിൽ കോവിഡ്19 പ്രതിരോധ മരുന്നിന്റെ രണ്ടാം ഡോസ് വിതരണത്തിൽ 11.7 ശതമാനം വർദ്ധനയും ഉണ്ടായിട്ടുണ്ട്. 'ഹർ ഘർ ദസ്റ്റക്' മുന്നേറ്റത്തിന് കീഴിൽ കൈവരിച്ച പുരോഗതി/നിലവിലെ അവസ്ഥ എന്നിവ വിലയിരുത്തുന്നതിനായി സംസ്ഥാനങ്ങൾകേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവടങ്ങളിലെ ആരോഗ്യ സെക്രട്ടറിമാർ, എൻ എച് എം എംഡിമാർ എന്നിവരുമായി വീഡിയോ കോൺഫെറൻസിലൂടെ നടത്തിയ അവലോകനയോഗത്തിൽ കേന്ദ്ര ആരോഗ്യ സെക്രട്ടറി ശ്രീ രാജേഷ് ഭൂഷൻ അറിയിച്ചതാണ് ഇക്കാര്യം. 2021 നവംബർ മൂന്നിനാണ് 'ഹർ ഘർ ദാസ്റ്റക്' മുന്നേറ്റത്തിന് തുടക്കമായത്. സംസ്ഥാനങ്ങൾ/കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ വീടുകൾ സന്ദർശിച്ച് കൊണ്ട് അർഹരായ എല്ലാ വ്യക്തികൾക്കും ഒന്നാം ഡോസ് വാക്സിൻ വിതരണം ചെയ്യുക, രണ്ടാം ഡോസ് ലഭിക്കാത്തവർക്ക് വാക്സിൻ ലഭ്യമാക്കുക, പ്രതിരോധ കുത്തിവെപ്പ് സംബന്ധിച്ച ബോധവൽക്കരണം നടത്തുക, മെച്ചപ്പെട്ട ശേഖരണം ഉറപ്പാക്കുക തുടങ്ങിയവ ലക്ഷ്യമിട്ടാണ് മുന്നേറ്റത്തിനു തുടക്കമിട്ടത്.

പ്രചാരണ കാലയളവിൽ സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവർ കാഴ്ച വെച്ച പ്രകടനം, കൈവരിച്ച നേട്ടങ്ങൾ എന്നിവയെ കേന്ദ്ര ആരോഗ്യ സെക്രട്ടറി അഭിനന്ദിച്ചു. പ്രചാരണ കാലയളവിൽ പ്രതിരോധകുത്തിവെപ്പ് പ്രവർത്തനങ്ങളുടെ വേഗത വർദ്ധിച്ചിട്ടുണ്ടെങ്കിലും, ദേശീയതലത്തിൽ ഏകദേശം 12 കോടി ഗുണഭോക്താക്കൾക്ക് ഇനിയും രണ്ടാം ഡോസ് ലഭിക്കാനുണ്ട് എന്നത് അടിയന്തര ശ്രദ്ധ ആവശ്യമുള്ളതാണ് എന്ന് യോഗം വിലയിരുത്തി

രാജ്യത്ത് ഇതുവരെ വിതരണം ചെയ്ത മൊത്തം കോവിഡ്19 പ്രതിരോധ കുത്തിവെപ്പ് ഡോസുകളുടെ എണ്ണം ഇന്ന് 125 കോടി പിന്നിട്ടു. താൽക്കാലിക റിപ്പോർട്ട് പ്രകാരം ഇതിൽ 79.13 കോടി (84.3 ശതമാനം) ഒന്നാം ഡോസും, 45.82 കോടി (49 ശതമാനം) പേർക്ക് രണ്ടാം ഡോസും നൽകി.

അർഹരായ എല്ലാവർക്കും ഒന്നാം ഡോസ് ലഭ്യമാക്കണമെന്ന് സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2021 ആഗസ്റ്റ്സെപ്തംബർ കാലയളവിൽ ഡോസുകൾ സ്വീകരിച്ചവർക്കായി പ്രത്യേക പദ്ധതികൾ തയ്യാറാക്കാനും, അതുവഴി രണ്ടാം ഡോസ് ലഭിക്കാനുള്ള വ്യക്തികൾക്ക് കുത്തിവയ്പ്പ് ഉറപ്പാക്കാനും നടപടികൾ സ്വീകരിക്കണം. പ്രതിരോധ കുത്തിവെയ്പിന്റെ വേഗത വർദ്ധിപ്പിക്കുകയും, സംസ്ഥാനങ്ങളുടെ പക്കലുള്ള വാക്സിൻ ഡോസുകൾ സമയോചിതമായി ഉപയോഗപ്പെടുത്തുകയും, പൊതുസ്വകാര്യ ഉടമസ്ഥതയിലുള്ള ഡോസുകൾ ഉപയോഗിക്കാതെ നഷ്ടപ്പെടുത്തുന്നത് തടയുകയും ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് യോഗത്തിൽ ചൂണ്ടിക്കാട്ടി.

പ്രാദേശികതലത്തിൽ സ്വാധീനമുള്ളവർ, സാമുദായിക നേതാക്കൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് രണ്ടാം ഡോസ് സ്വീകരിക്കേണ്ട സമയം കഴിഞ്ഞവർ ഉൾപ്പെടെയുള്ളവർ, പ്രതിരോധ കുത്തിവെപ്പ് സ്വീകരിക്കുന്നതിനായി മുൻപോട്ട് വരുന്നത് സംബന്ധിച്ച് അവബോധം സൃഷ്ടിക്കണം എന്നും ആരോഗ്യ സെക്രട്ടറി സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടു.

# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പുതിയ സംരംഭങ്ങൾക്ക് തുടക്കമായി

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 29ാം സ്ഥാപക ദിനാഘോഷത്തോടനുബന്ധിച്ച് രാജ്ഭവനിൽ നടന്ന ചടങ്ങിൽ നവീകരിച്ച വെബ്സൈറ്റ്, വീഡിയോ കോൺഫറൻസ് വെബ് ആപ്പ്, ഇലക്ഷൻ ഗൈഡ് എന്നിവയുടെ പ്രകാശനം ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിർവഹിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ സന്നിഹിതനായിരുന്നു. തദ്ദേശ തിരഞ്ഞെടുപ്പ് പ്രക്രിയ ലളിതമാക്കുന്നതിനുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനങ്ങളെ ഗവർണർ അഭിനന്ദിച്ചു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാവർക്കും ഏറെ പ്രയോജനം ചെയ്യുന്ന സംരംഭങ്ങളാണ് കമ്മീഷൻ ആരംഭിച്ചതെന്ന് അദ്ദേഹം പറഞ്ഞു.

തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ കമ്മീഷന്റെ സ്ഥാനവും പ്രസക്തിയും, ഭരണഘടനാ വ്യവസ്ഥകളും ബന്ധപ്പെട്ട നിയമങ്ങളുടെ സംഗ്രഹവും ഉൾപ്പെടെ വിവിധ വിഷയങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കിയ ഇലക്ഷൻ ഗൈഡ് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും മാധ്യമപ്രവർത്തകർക്കും പൊതുജനങ്ങൾക്കും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ഏറെ പ്രയോജനപ്രദമാണ്.

വീഡിയോ കോൺഫറൻസ് സംവിധാനത്തിൽ യോഗങ്ങളും പരിശീലനങ്ങളും കേസുകളുടെ ഹിയറിംഗുകളും ഓൺലൈനായി നടത്തുന്നതിന് വെബ്, മൊബൈൽ ആപ്പ് രൂപത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. കമ്മീഷന്റെ നിലവിലുള്ള വെബ് സൈറ്റുകൾ ഏകീകരിച്ച് സമഗ്രമായി പരിഷ്ക്കരിച്ചതാണ് നവീകരിച്ച വെബ്സൈറ്റ്. നാഷണൽ ഇൻഫൊർമാറ്റിക്സ് സെന്ററിന്റെ സാങ്കേതിക സഹായത്തോടെയാണ് വെബ്സൈറ്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. കമ്മീഷന്റെ വിവിധ പ്രവർത്തനങ്ങളും സേവനങ്ങളും അനുബന്ധ വിവരങ്ങളും സൈറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ൦൦൦.ലെ ര.സല്യമഹമ.ഴീ.ശി ആണ് വിലാസം.

കമ്മീഷൻ സെക്രട്ടറി എ.സന്തോഷ്, പ്രൈവറ്റ് സെക്രട്ടറി കെ.വി.മുരളീധരൻ, ജോയിന്റ് സെക്രട്ടറി അജി ഫിലിപ്പ്, ലാ ഓഫീസർ വി. ഷാജിമോൻ, സ്റ്റേറ്റ് ഇൻഫൊർമാറ്റിക്സ് ഓഫീസർ പി. വി. മോഹന കൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

# ജവാദ് ചുഴലിക്കാറ്റിനെ നേരിടാനുള്ള തയ്യാറെടുപ്പുകൾ പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം വിലയിരുത്തി

ജവാദ് ചുഴലിക്കാറ്റ് രൂപപ്പെടാൻ സാധ്യതയുള്ള സാഹചര്യം നേരിടാൻ സംസ്ഥാനങ്ങളുടെയും കേന്ദ്ര മന്ത്രാലയങ്ങളുടെയും ബന്ധപ്പെട്ട ഏജൻസികളുടെയും തയ്യാറെടുപ്പുകൾ അവലോകനം ചെയ്യുന്നതിനായി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഇന്ന് ഒരു ഉന്നതതല യോഗം ചേർന്നു.

ജനങ്ങളെ സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കുന്നതിനും വൈദ്യുതി, വാർത്താവിനിമയം , ആരോഗ്യം, കുടിവെള്ളം തുടങ്ങിയ എല്ലാ അവശ്യ സേവനങ്ങളുടെയും അറ്റകുറ്റപ്പണികൾ ഉറപ്പാക്കുന്നതിനും എന്തെങ്കിലും തടസ്സമുണ്ടായാൽ ഉടൻ പുനഃസ്ഥാപിക്കുന്നതിനും സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ പ്രധാനമന്ത്രി ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചു. അവശ്യമരുന്നുകളുടെയും സപ്ലൈകളുടെയും മതിയായ സംഭരണം ഉറപ്പാക്കാനും തടസ്സമില്ലാത്ത നീക്കത്തിന് ആസൂത്രണം ചെയ്യാനും അദ്ദേഹം അവരോട് നിർദ്ദേശിച്ചു. കൺട്രോൾ റൂമുകളുടെ മുഴുവൻ സമയ പ്രവർത്തനത്തിനും അദ്ദേഹം നിർദ്ദേശം നൽകി.

ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദം ജവാദ് ചുഴലിക്കാറ്റായി മാറുമെന്നും 2021 ഡിസംബർ 4 ശനിയാഴ്ച രാവിലെയോടെ വടക്കൻ ആന്ധ്രാപ്രദേശ് ഒഡീഷ തീരത്ത് എത്തുമെന്നും കാറ്റിന്റെ വേഗത മണിക്കൂറിൽ 100 കിലോമീറ്റർ വരെയാകുമെന്നും ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ആന്ധ്രാപ്രദേശ്, ഒഡീഷ, ബംഗാൾ എന്നിവയുടെ തീരദേശ ജില്ലകളിൽ കനത്ത മഴയ്ക്ക് സാധ്യതയുണ്ട്. ബന്ധപ്പെട്ട എല്ലാ സംസ്ഥാനങ്ങൾക്കും ഏറ്റവും പുതിയ പ്രവചനവുമായി ഐ എംഡി പതിവായി ബുള്ളറ്റിനുകൾ പുറപ്പെടുവിക്കുന്നു.

കാബിനറ്റ് സെക്രട്ടറി എല്ലാ തീരദേശ സംസ്ഥാനങ്ങളുടെയും കേന്ദ്ര മന്ത്രാലയങ്ങളുടെയും/ഏജൻസികളുടെയും ചീഫ് സെക്രട്ടറിമാരുമായി സാഹചര്യങ്ങളും തയ്യാറെടുപ്പും അവലോകനം ചെയ്തിട്ടുണ്ട്.

ആഭ്യന്തര മന്ത്രാലയം സ്ഥിതിഗതികൾ 24 മണിക്കൂറും അവലോകനം ചെയ്യുകയും സംസ്ഥാന ഗവൺമെന്റുകൾ / കേന്ദ്ര ഭരണ പ്രദേശങ്ങൾ, ബന്ധപ്പെട്ട കേന്ദ്ര ഏജൻസികൾ എന്നിവയുമായി ബന്ധപ്പെടുകയും ചെയ്യുന്നു. എസ് ഡി ആർഎഫിന്റെ ആദ്യ ഗഡു എല്ലാ സംസ്ഥാനങ്ങളിലേക്കും കേന്ദ്ര ആഭ്യന്തര മന്ത്രാലയം നേരത്തെ തന്നെ ലഭ്യമാക്കിയിട്ടുണ്ട് . സംസ്ഥാനങ്ങളിൽ ബോട്ടുകൾ, മരം മുറിക്കുന്ന യന്ത്രങ്ങൾ, ടെലികോം ഉപകരണങ്ങൾ തുടങ്ങിയ സജ്ജീകരണങ്ങളുള്ള 29 ടീമുകളെ എൻഡിആർഎഫ് മുൻകൂട്ടി നിയോഗിച്ചിട്ടുണ്ട്, കൂടാതെ 33 ടീമുകളെ തയ്യാറാക്കി നിലനിർത്തിയിട്ടുണ്ട്.

ഇന്ത്യൻ തീരദേശ സേനയും നാവികസേനയും ദുരിതാശ്വാസ, തിരച്ചിൽ, രക്ഷാപ്രവർത്തനങ്ങൾ എന്നിവയ്ക്കായി കപ്പലുകളും ഹെലികോപ്റ്ററുകളും വിന്യസിച്ചിട്ടുണ്ട്.

കരസേനയുടെ എയർ ഫോഴ്സ്, എഞ്ചിനീയർ ടാസ്ക് ഫോഴ്സ് യൂണിറ്റുകൾ, ബോട്ടുകളും രക്ഷാപ്രവർത്തന ഉപകരണങ്ങളും വിന്യാസത്തിനായി സജ്ജമാണ്. നിരീക്ഷണ വിമാനങ്ങളും ഹെലികോപ്റ്ററുകളും തീരത്ത് തുടർച്ചയായി നിരീക്ഷണം നടത്തുന്നുണ്ട്. കിഴക്കൻ തീരത്തുള്ള സ്ഥലങ്ങളിൽ ദുരന്തനിവാരണ സംഘങ്ങളും മെഡിക്കൽ ടീമുകളും സജ്ജമാണ്.

വൈദ്യുതി മന്ത്രാലയം അടിയന്തര പ്രതികരണ സംവിധാനങ്ങൾ സജീവമാക്കി, വൈദ്യുതി അടിയന്തരമായി പുനഃസ്ഥാപിക്കുന്നതിനായി റെഡിനസ് ട്രാൻസ്ഫോർമറുകൾ, ഡീസൽ ജനറേറ്ററുകൾ , ഉപകരണങ്ങൾ തുടങ്ങിയവ ശേഖരിച്ചതിട്ടുണ്ട്. വാർത്താവിനിമയ മന്ത്രാലയം എല്ലാ ടെലികോം ടവറുകളും എക്സ്ചേഞ്ചുകളും നിരന്തര നിരീക്ഷണത്തിൽ സൂക്ഷിക്കുകയും ടെലികോം ശൃംഖല പുനഃസ്ഥാപിക്കാൻ പൂർണ്ണമായും സജ്ജമാണ്. ആരോഗ്യകുടുംബക്ഷേമ മന്ത്രാലയം, ചുഴലിക്കാറ്റ് ബാധിക്കാൻ സാധ്യതയുള്ള സംസ്ഥാനങ്ങൾക്ക്/ കേന്ദ്ര ഭരണ പ്രദേശങ്ങൾക്ക് ആരോഗ്യ മേഖലയുടെ തയ്യാറെടുപ്പുകൾക്ക് ആവശ്യമായ മാർഗ്ഗ നിർദേശം നൽകിയിട്ടുണ്ട് .

തുറമുഖ, ഷിപ്പിംഗ്, ജലപാതാ മന്ത്രാലയം എല്ലാ കപ്പലുകളും സുരക്ഷിതമാക്കാൻ നടപടികൾ കൈക്കൊള്ളുകയും അടിയന്തര യാനങ്ങൾ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. തീരത്തിനടുത്തുള്ള കെമിക്കൽ, പെട്രോകെമിക്കൽ യൂണിറ്റുകൾ പോലുള്ള വ്യവസായ സ്ഥാപനങ്ങൾക്കും ജാഗ്രതാനിർദ്ദേശം നൽകാൻ സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ നിന്ന് ആളുകളെ ഒഴിപ്പിക്കാനുള്ള തയ്യാറെടുപ്പിൽ എൻ ഡി ആർ എഫ് സംസ്ഥാന ഏജൻസികളെ സഹായിക്കുകയും ചുഴലിക്കാറ്റ് സാഹചര്യത്തെ എങ്ങനെ നേരിടണം എന്നതിനെക്കുറിച്ചുള്ള സാമൂഹ്യ അവബോധ കാമ്പെയ്നുകൾ തുടർച്ചയായി നടത്തുകയും ചെയ്യുന്നു.

പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി, ക്യാബിനറ്റ് സെക്രട്ടറി, ആഭ്യന്തര സെക്രട്ടറി, എൻഡിആർഎഫ്, കേന്ദ്ര കാലാവസ്ഥാ വകുപ്പ് എന്നിവയുടെ ഡയറക്ടർ ജനറൽമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# കെയർഹോം പദ്ധതി: രണ്ടാംഘട്ട ഭവന സമുച്ചയത്തിന്റെ ഉദ്ഘാടനം 6ന്

സഹകരണ വകുപ്പിന്റെ കെയർഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പൂർത്തിയായ ഭവന സമുച്ചയത്തിന്റെ ഉദ്ഘാടനം ഡിസംബർ 6ന് വൈകുന്നേരം മൂന്നു മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. തൃശ്ശൂർ പഴയന്നൂർ പഞ്ചായത്തിലാണ് ഫ്ളാറ്റുകൾ പൂർത്തിയായത്. 40 കുടുംബങ്ങൾക്കാണ് താമസസൗകര്യം ഒരുക്കിയത്. ആദ്യ ഘട്ടം കെയർ ഹോം പദ്ധതിയുടെ വിജയത്തിന് ശേഷമാണ് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ രണ്ടാം ഘട്ട ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചത്. പഴയന്നൂർ പഞ്ചായത്ത് പദ്ധതിയുമായി സഹകരിക്കുകയും ഒരേക്കർ ആറ് സെന്റ് സ്ഥലം കൈമാറുകയും ചെയ്തു. 2018, 2019 കാലത്തെ പ്രളയത്തിന്റെ ഭാഗമായി വീടുകൾ നഷ്ടപ്പെട്ടവരുടെ പുനഃരധിവാസത്തിന്റെ ഭാഗമായാണ് കെയർ ഹോമിന്റെ പഴയന്നൂർ പദ്ധതി ആരംഭിച്ചതെന്ന് സഹകരണ മന്ത്രി വി.എൻ. വാസവൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

രണ്ടാം ഘട്ടത്തിൽ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവന സമുച്ചയങ്ങൾ നിർമ്മിക്കാനാണ് തീരുമാനം. സഹകരണ സംഘങ്ങളുടെ അംഗങ്ങൾക്കു നൽകേണ്ട ലാഭവിഹിതം പൊതുയോഗത്തിന്റെ അനുമതിയോടെ പദ്ധതിയിലേയ്ക്ക് മാറ്റിയാണ് രണ്ടാം ഘട്ട നിർമ്മാണത്തിനുള്ള വിഭവ സമാഹരണം നടത്തിയത്. 55,83,14,385 രൂപയാണ് ഭവന നിർമ്മാണത്തിനായി സഹകരണ സംഘങ്ങൾ സംഭാവനയായി നൽകിയത്.

ഇരു നിലകളിലായി നാല് വീടുകളുള്ള പത്ത് ബ്ലോക്കുകളാണ് പഴയന്നൂരിൽ നിർമ്മിച്ചത്. തൃശ്ശൂർ നിർമ്മതി കേന്ദ്രയാണ് 3.72 കോടി രൂപ എസ്റ്റിമേറ്റിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തത്. സർക്കാർ അനുമതിയോടെ 91 ലക്ഷം രൂപയുടെ അധിക നിർമ്മാണ പ്രവർത്തനങ്ങളും നടത്തി. ഓരോ വീടിനും 432 ചതുരശ്ര അടി വിസ്തീർണമാണുള്ളത്. വരാന്ത, സ്വീകരണ മുറി, രണ്ട് കിടപ്പുമുറികൾ, അടുക്കള, ശുചിമുറി തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഓരോ വീടിനും പ്രത്യേകം വാട്ടർ ടാങ്കുകളും തയ്യാറാക്കിയിട്ടുണ്ട്. പൊതുവായുള്ള ലൈറ്റഡ് യാർഡ്, കുട്ടികൾക്കുള്ള കളിസ്ഥലം, ജിംനേഷ്യം, ലൈബ്രറി ഹാൾ, പൂന്തോട്ടം, വിശ്രമ കേന്ദ്രം എന്നിവയും ഒരുക്കിയിട്ടുണ്ട്.

തേജസ്വിനി, പമ്പ, കബനി, അച്ചൻകോവിൽ, നെയ്യാർ, ഭവാനി, പെരിയാർ, മണിമല, ചന്ദ്രഗിരി, നിള എന്നിങ്ങനെ നദികളുടെ പേരാണ് ബ്ലോക്കുകൾക്ക് നൽകിയിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

പഴയന്നൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജില്ലാ കളക്ടറുടെ പ്രതിനിധിയായി എ.ഡി.എമ്മും ഗ്രാമപഞ്ചായത്ത് പ്രസിഡന്റും മറ്റ് ജനപ്രതിനിധികളും വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്തായിരുന്നു ഗുണഭോക്താക്കളെ കണ്ടെത്താനുള്ള നറുക്കെടുപ്പ്. പ്രളയത്തിൽ വീട് നഷ്ടപ്പെട്ട അഞ്ച് കുടുംബങ്ങളുടെയും പഴയന്നൂർ പഞ്ചായത്തിൽ ലൈഫ്മിഷൻ പട്ടികയിൽ ഉൾപ്പെടുത്തി നൽകിയ 35 കുടുംബങ്ങളുടെയും ഇതുനു പുറമെ നൽകിയ നാലു പേരുടെയും പേരുകൾ നറുക്കിട്ടാണ് 40 ഗുണഭോക്താക്കളെ കണ്ടെത്തിയത്.

ഉദ്ഘാടന ചടങ്ങിൽ സഹകരണ മന്ത്രി അദ്ധ്യക്ഷത വഹിക്കും. മന്ത്രിമാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരും ഉദ്ഘാടന യോഗത്തിൽ പങ്കെടുക്കും.

# കിളിക്കൊഞ്ചൽ അങ്കണവാടി തീം അധിഷ്ഠിത പിക്ചർ ബുക്ക്ലെറ്റ് പുറത്തിറക്കി

'കിളിക്കൊഞ്ചൽ' അങ്കണവാടി തീം അധിഷ്ഠിത പിക്ചർ ബുക്ക്ലെറ്റിന്റെ പ്രകാശനം ആരോഗ്യ, വനിത ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിച്ചു. അങ്കണവാടികളിൽ പഠിക്കുന്ന മൂന്ന് മുതൽ ആറ് വയസുവരെയുള്ള കുട്ടികൾക്ക് അവരുടെ പ്രീസ്കൂൾ പഠനത്തിന്റെ ഭാഗമായി വിവിധ പഠന പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ആയതിലൂടെ അവർ ഈ പ്രായത്തിൽ ആർജിക്കേണ്ട സമഗ്ര വികാസം സാധ്യമാവുന്നു. കോവിഡ് പശ്ചാത്തലത്തിൽ അങ്കണവാടികളിൽ എത്തി ഈ പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത സാഹചര്യത്തിൽ അവരുടെ വീടുകളിൽ തന്നെ രക്ഷിതാക്കളുടെ സഹായത്തോടെ ഈ പഠനാനുഭവങ്ങൾ നൽകുന്നതിനാണ് ബുക്ക്ലെറ്റ് തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ 33,115 അങ്കണവാടികളിലൂടെ നാല് ലക്ഷം കുട്ടികൾക്ക് ബുക്ക്ലെറ്റ് വിതരണം ചെയ്യും. വനിത ശിശുവികസന വകുപ്പ് ഡയറക്ടർ ടി.വി. അനുപമയും ചടങ്ങിൽ പങ്കെടുത്തു.

# ഉന്നത വിദ്യാഭ്യാസ പരിഷ്കരണ പരിപാടികളുടെ ലോഗോയും മുദ്രാവാചകവും മുഖ്യമന്ത്രി പ്രകാശനം ചെയ്തു

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതിനും കേരളത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിനും നടപ്പിലാക്കി വരുന്ന വിവിധ പരിപാടികൾ ജനങ്ങളിലെത്തിക്കാനുള്ള വാർത്താവിനിമയ ഇടങ്ങളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയ ലോഗോയും മുദ്രാവാചകവും മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്തു.

മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ ഉന്നതവിദ്യാഭ്യാസമന്ത്രി ഡോ. ആർ. ബിന്ദു അധ്യക്ഷയായിരുന്നു.

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ സമൂലമായി പരിഷ്കരിക്കാനുള്ള നിർദ്ദേശങ്ങൾക്കുള്ള ഉന്നത വിദ്യാഭ്യാസ കമ്മീഷൻ, സംസ്ഥാന സർവകലാശാലകളുടെ നിയമങ്ങൾ സമൂലമായി പരിഷ്കരിക്കാനുള്ള നിർദ്ദേശങ്ങൾക്കുള്ള സർവകലാശാല നിയമപരിഷ്കാര കമ്മീഷൻ, സർവ്വകലാശാലകളിലെ പരീക്ഷാ നടത്തിപ്പ് കാലാനുസൃതമായി പരിഷ്കരിക്കാനുള്ള നിർദ്ദേശങ്ങൾക്കുള്ള പരീക്ഷാപരിഷ്കരണ കമ്മീഷൻ എന്നിവ പ്രാഥമിക പഠനം നടത്തി കഴിഞ്ഞു.

കമ്മീഷനുകളുടെ പ്രവർത്തനത്തിന്റെ ഭാഗമായി സർവകലാശാലകളും കോളേജുകളും സന്ദർശിച്ച് അധ്യാപകരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നു അഭിപ്രായം ആരായുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു.

പൊതുജനങ്ങളിൽ നിന്നും അഭിപ്രായങ്ങൾ സമാഹരിച്ചും സമഗ്രമായി വിഷയത്തെ സമീപിച്ചും കമ്മീഷനുകളുടെ റിപ്പോർട്ടുകൾ മാർച്ച് മാസത്തിൽ സമർപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയി, അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. വി. വേണു, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ.എം. ഏബ്രഹാം, കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ, സർവ്വകലാശാല നിയമഭേദഗതി കമ്മീഷൻ ചെയർമാൻ ഡോ. എൻ.കെ. ജയകുമാർ, സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗീസ്, ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ ചെയർമാൻ ഡോ. ശ്യാം ബി. മേനോൻ, ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ കൺവീനർ ഡോ. ടി. പ്രദീപ്, പരീക്ഷാപരിഷ്കരണ കമ്മീഷൻ ചെയർമാൻ ഡോ. അരവിന്ദകുമാർ എന്നിവർ പങ്കെടുത്തു.

പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾ ഡിജിറ്റലായി അയക്കാനുള്ള സംവിധാനം നിലവിൽ വരുമെന്ന് കമ്മീഷൻ അംഗങ്ങൾ പറഞ്ഞു.

# കേരളത്തിൽ ഇന്ന് 4,700 പേർക്ക് കോവിഡ്



തിരുവനന്തപുരം: കേരളത്തിൽ ഇന്ന് 4,700 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. തിരുവനന്തപുരം 850, എറണാകുളം 794, കോഴിക്കോട് 612, തൃശൂർ 395, കൊല്ലം 375, കണ്ണൂർ 309, കോട്ടയം 295, ആലപ്പുഴ 215, പത്തനംതിട്ട 183, വയനാട് 176, ഇടുക്കി 159, മലപ്പുറം 136, പാലക്കാട് 104, കാസർഗോഡ് 97 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 59,702 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) പത്തിന് മുകളിലുള്ള 19 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 21 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,55,639 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,50,837 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും 4,802 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 315 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നിലവിൽ 44,376 കോവിഡ് കേസുകളിൽ, 7.5 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 66 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 254 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 40,855 ആയി. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 18 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 4,437 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 205 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 40 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 4,128 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 648, കൊല്ലം 269, പത്തനംതിട്ട 8, ആലപ്പുഴ 166, കോട്ടയം 285, ഇടുക്കി 157, എറണാകുളം 523, തൃശൂർ 390, പാലക്കാട് 199, മലപ്പുറം 206, കോഴിക്കോട് 665, വയനാട് 227, കണ്ണൂർ 291, കാസർഗോഡ് 94 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 44,376 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 50,66,034 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# മോക്ഡ്രില്ലിലൂടെ കാര്യക്ഷമതാ പരിശോധന പ്രകൃതി ക്ഷോഭിച്ചു ; ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം

ഭൂമി എത്ര കുലുങ്ങിയാലും രക്ഷാപ്രവർത്തനത്തിന്റെ സുരക്ഷയൊരുക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി. അടിയന്തര പ്രതികരണത്തിന്റെ കാര്യക്ഷമത പ്രായോഗികമായി പരിശോധിച്ചാണ് വിലയിരുത്തൽ. ജഡായു പാറയിൽ നടത്തിയ മോക്ഡ്രില്ലിൽ ജില്ലയിലെ എല്ലാ സംവിധാനങ്ങളും ക്രിയാത്മകമായി ഇടപെട്ടു. ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൻ കൂടിയായ ജില്ലാ കലക്ടർ അഫ്സാന പർവീൺ നേതൃത്വം നൽകിയ രക്ഷാപ്രവർത്തനത്തിൽ എൻ. ഡി. ആർ. എഫ് (നാഷനൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ്) പങ്കാളിയായി. കൊട്ടാരക്കര പ്രഭവകേന്ദ്രമായ സാങ്കല്പിക ഭൂകമ്പം റിക്ടർ സ്കെയിൽ രേഖപ്പെടുത്തിയത് 6.7. ജഡായുപ്പാറയിലെ രണ്ടു കെട്ടിടങ്ങളാണ് തകർന്നു വീണത്. 10 പേർ കെട്ടിടത്തിനുള്ളിലും. ഈ സാഹചര്യം നേരിടുന്നതിനുള്ള മോക്ഡ്രിൽ വഴി അപകട സാഹചര്യം നേരിടുന്നതിന്റെ ഓരോഘട്ടവും പ്രാവർത്തികമായി പരിശോധിക്കുകയായിരുന്നു.

അപകട മുന്നറിയിപ്പിനുള്ള അലാം ആദ്യം തന്നെ മുഴങ്ങി. എർത്ത് സെന്ററിലെ സുരക്ഷാ ജീവനക്കാർ ആദ്യഘട്ട രക്ഷാപ്രവർത്തനത്തിന്. ഗുരുതരമായ അപകട വിവരം ജില്ലാ ഭരണകൂടത്തെയും പോലീസിനെയും അറിയിക്കുന്നു. പോലീസും അഗ്നിസുരക്ഷാ സേനയും സന്നദ്ധ പ്രവർത്തകരും ആരോഗ്യസംഘവും രംഗത്ത്. കെട്ടിടത്തിൽ അകപ്പെട്ടവരെ പ്രാഥമിക ശുശ്രൂഷ നൽകി ആംബുലൻസിൽ താലൂക്ക് ആശുപത്രിയിലേക്ക്. രക്ഷപ്പെടുത്താൻ കഴിയാത്ത നാലുപേർ കൂടി കെട്ടിടത്തിനുള്ളിലുണ്ടെന്ന് വിവരം. കാലവർഷക്കെടുതികൾ നേരിടാൻ കൊട്ടാരക്കരയിൽ തമ്പടിച്ചിരുന്ന എൻ.ഡി.ആർ.എഫ് ഇടപെടലിന് ജില്ലാ കലക്ടറുടെ നിർദ്ദേശം. ഇവർ കെട്ടിടത്തിൽ കുടുങ്ങിയവരെ വലിയ ബീമുകൾ മുറിച്ചുമാറ്റി രക്ഷപ്പെടുത്തുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശാനുസരണം വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കിയാണ് രക്ഷാപ്രവർത്തനം പൂർത്തിയാക്കിയത്. രക്ഷാപ്രവർത്തനത്തിലുടനീളം ജില്ലാ കലക്ടർ പങ്കെടുത്തു. അപകട സാഹചര്യത്തിൽ ആശയക്കുഴപ്പങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നതിന് എല്ലാ വിഭാഗത്തിനും കഴിഞ്ഞുവെന്ന് വിലയിരുത്തി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ, എ.ഡി.എം എൻ. സാജിത ബീഗം, പുനലൂർ ആർ. ഡി. ഒ. ബി. ശശികുമാർ, എൻ.ഡി.ആർ.എഫ് ഇൻസ്പെക്ടർ അവനീഷ് കുമാർ, ജഡായു എർത്ത് സെന്ററിനെ പ്രതിനിധീകരിച്ച് രാജീവ് അഞ്ചൽ, പോലീസ്, ഫയർഫോഴ്സ്, റവന്യൂ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# സഹകരണ സമാശ്വാസ പദ്ധതിയിൽ 22.33 കോടി അനുവദിച്ചു

സഹകരണ അംഗ സമാശ്വാസ പദ്ധതിയിൽ നിന്ന് 22.33 കോടി രൂപ അനുവദിച്ചു. വിവിധ ജില്ലകളിൽ നിന്നുള്ള 11,060 അപേക്ഷകർക്കാണ് 22,93,50,000 രൂപ അനുവദിച്ചത്. ഗുരുതര രോഗങ്ങൾ ബാധിച്ച സഹകരണ സംഘം അംഗങ്ങൾക്കാണ് സമാശ്വാസ നിധിയിൽ നിന്ന് സഹായം നൽകുന്നത്. ഇതുവരെയുള്ള അപേക്ഷകൾ മുഴുവൻ തീർപ്പാക്കിയതായി സഹകരണ മന്ത്രി വി.എൻ. വാസവൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സർക്കാർ അധികാരത്തിൽ വന്ന ശേഷം രണ്ടാം തവണയാണ് സമാശ്വാസ നിധിയിൽ നിന്ന് സഹായം അനുവദിക്കുന്നത്. ആദ്യ ഘട്ടത്തിൽ 11,194 പേർക്ക് 23,94,10,000 കോടി രൂപ അനുവദിച്ചിരുന്നു.

അർബുദം, വൃക്കരോഗം, കരൾ രോഗം, പരാലിസിസ്, അപകടത്തിൽ കിടപ്പിലായവർ, എച്ച്.ഐ.വി, ഗുരുതരമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, ബൈപ്പാസ്, ഓപ്പൺ ഹാർട്ട് ശസ്ത്രക്രിയകൾക്ക് വിധേയരായവർ, മാതാപിതാക്കൾ മരിച്ചു പോയ സാഹചര്യത്തിൽ അവർ എടുത്ത ബാദ്ധ്യത പേറേണ്ടി വരുന്ന കുട്ടികൾ എന്നിവർക്കാണ് സമാശ്വാസ സഹായം നൽകുന്നത്. സഹകരണ സംഘങ്ങൾ കേരള സഹകരണ അംഗം സമാശ്വാസ നിധിയിലേക്ക് അടയ്ക്കുന്ന വിഹിതത്തിൽ നിന്നാണ് സഹായ ധനം നൽകുന്നത്.

തൃശ്ശൂർ ജില്ലയിൽ നിന്നാണ് ഏറ്റവും അധികം അപേക്ഷകൾ ലഭിച്ചത്. 2,222 പേർ വിവിധ വിഭാഗങ്ങളിലായി അപേക്ഷ നൽകി. 4,51,70,000 രൂപ സമാശ്വാസമായി അനുവദിച്ചു. മറ്റ് ജില്ലകളിൽ നിന്നുള്ള അപേക്ഷകളുടെ വിശദാംശം ജില്ല, അപേക്ഷകരുടെ എണ്ണം, തുക എന്ന ക്രമത്തിൽ:

തിരുവനന്തപുരം 322 71,75,000, കൊല്ലം 1021 2,14,15,000, പത്തനംതിട്ട 640 1,25,70,000, ആലപ്പുഴ 775 1,59,80,000, കോട്ടയം 1372 2,79,10,000, എറണാകുളം 1279 2,69,90,000, പാലക്കാട് 6111,28,70,000, കോഴിക്കോട് 360 75,75,000, മലപ്പുറം 583 1,24,50,000, വയനാട് 462 1,01,25,000, കണ്ണൂർ 973 2,05,55,000, കാസർകോട് 410 82,25,000 രൂപ.

# കേരളത്തിൽനിന്നു നഴ്സുമാരുടെ റിക്രൂട്ട്മെന്റ്: ജർമനിയുമായി ധാരണാപത്രം ഒപ്പുവച്ചു

## 2022ൽ ആദ്യ ബാച്ച് നഴ്സുമാരെ ജർമനിയിൽ എത്തിക്കാനാകുമെന്നു കോൺസിൽ ജനറൽ

കേരളത്തിൽനിന്നു ജർമനിയിലേക്കു നഴ്സുമാരെ റിക്രൂട്ട് ചെയ്യാൻ നോർക്ക റൂട്ട്സ് ആവിഷ്കരിച്ച ട്രിപ്പിൾ വിൻ പദ്ധതിക്കു ധാരണയായി. മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ നോർക്ക റൂട്ട്സ് സി.ഇ.ഒ കെ. ഹരികൃഷ്ണൻ നമ്പൂതിരിയും ജർമൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിക്കുവേണ്ടി കോൺസിൽ ജനറൽ അച്ചിം ബുർക്കാട്ടും ധാരണാപത്രത്തിൽ ഒപ്പുവച്ചു.

രാജ്യത്ത് ആദ്യമായാണു സർക്കാർതലത്തിൽ ജർമനിയിലേക്കു റിക്രൂട്ട്മെന്റിനുള്ള പദ്ധതി തയാറാക്കിയിരിക്കുന്നതെന്നു ധാരണാപത്രം ഒപ്പുവച്ച ശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ നോർക്ക റൂട്ട്സ് റെസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. നഴ്സിങ് മേഖലയ്ക്കു പുറമേ ഹോസ്പിറ്റാലിറ്റിയടക്കം മറ്റു മേഖലകളിലേക്കും ഭാവിയിൽ വലിയ സാധ്യതകൾ തുറക്കുന്നതാകും ട്രിപ്പിൾ വിൻ പദ്ധതി. ജർമനിക്കൊപ്പം മറ്റു യൂറോപ്യൻ രാജ്യങ്ങളിലേക്കുള്ള തൊഴിൽ സാധ്യതകൾ വർധിപ്പിക്കുന്നതിനും പദ്ധതി വഴിതുറക്കുമെന്ന് അദ്ദേഹം പറഞ്ഞു. ജർമനിയിലേക്കു പോകാൻ ആഗ്രഹിക്കുന്ന നഴ്സുമാർക്ക് ഭാഷാ പ്രാവീണ്യത്തിനു കേരളത്തിൽത്തന്നെ സൗജന്യമായി സൗകര്യം ഒരുക്കുന്നതും ട്രിപ്പിൾ വിൻ പദ്ധതിയുടെ പ്രത്യേകതയാണെന്ന് അദ്ദേഹം പറഞ്ഞു. ജർമൻ ഭാഷയിൽ ബി2 ലെവൽ യോഗ്യതയാണു നഴ്സായി ജോലി ചെയ്യാൻ വേണ്ടത്. നോർക്ക മുഖേന റിക്രൂട്ട് ചെയ്യപ്പെടുന്നവർക്കു ബി1 യോഗ്യത നേടി ജർമനിയിൽ എത്തിയ ശേഷം ബി2 യോഗ്യത കൈവരിച്ചാൽ മതിയാകുമെന്നും അദ്ദേഹം പറഞ്ഞു. കേരളവുമായുള്ള ധാരണാപത്രം ഒപ്പുവച്ചതു ചരിത്രപരമായ നടപടിയാണെന്നു കോൺസിൽ ജനറൽ അച്ചിം ബുർക്കാട്ട് പറഞ്ഞു. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി 2022 ഓടെ ആദ്യ ബാച്ച് നഴ്സുമാർക്കു ജർമനിയിലേക്ക് എത്താനാകുമെന്നാണു പ്രതീക്ഷ.

സാങ്കേതിക വൈദഗ്ധ്യത്തിലും മാനവവിഭവ ശേഷിയിലും ഇന്ത്യയിലെ ആരോഗ്യമേഖല ഏറെ മുൻപന്തിയിലാണ്. ഇതിൽത്തന്നെ മികവും അർപ്പണബോധവും പുലർത്തുന്നവരാണു കേരളത്തിലെ നഴ്സുമാർ. ഇവർക്കു ജർമനിയിൽ വിപുലമായ സാധ്യതകളാണുള്ളത്. കഴിയുന്നത്ര നഴ്സുമാരെ ജർമനിയിലേക്കു റിക്രൂട്ട്ചെയ്യാൻ ശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു.

നോർക്ക റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണനു പുറമേ ജർമൻ എംബസിയിലെ സോഷ്യൽ ആന്റ് ലേബർ അഫേയഴ്സ് വകുപ്പിലെ കോൺസുലർ തിമോത്തി ഫെൽഡർ റൗസറ്റി, ജർമൻ ഹോണററി കോൺസൽ സയ്ദ് ഇബ്രാഹിം, ഓഫിസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി(വിദേശകാര്യം) വേണു രാജാമണി, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി കെ.എം. ഏബ്രഹാം നോർക്ക റൂട്ട്സ് ജനറൽ മാനേജർ അജിത്ത് കോളശേരി തുടങ്ങിയവരും ധാരണാപത്രം ഒപ്പിടുന്ന ചടങ്ങിൽ പങ്കെടുത്തു.

# എഫ്. ഐ. ആർ എടുത്ത പരാതി തള്ളി പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ പരിഗണിക്കില്ല : വനിതാ കമ്മീഷൻ

പോലീസ് എഫ്. ഐ.ആർ രേഖപ്പെടുത്തിയ പരാതികൾ ജില്ലാതല അദാലത്തുകളിൽ പരിഗണിക്കില്ലെന്ന് സംസ്ഥാന വനിതാ കമ്മീഷൻ. ആശ്രാമം അതിഥി മന്ദിരത്തിൽ നടന്ന പരാതി പരിഹാര അദാലത്തിലാണ് പരാമർശം. ഇത് നിയമ സംവിധാനങ്ങളെ ദുരുപയോഗം ചെയ്യുന്നതിന് തുല്യമാണ്. ഇത്തരം പരാതികളിൽ കമ്മീഷൻ തുടർ നടപടികൾ സ്വീകരിക്കില്ല. പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ട് എഫ്.ഐ.ആർ. രേഖപ്പെടുത്തിയശേഷം ഇൻലാന്റ് നാവിഗേഷനിലെ ജീവനക്കാരി നൽകിയ പരാതിയുമായി വനിതാ കമ്മീഷനെ സമീപിച്ചതിനെ തുടർന്നാണ് പരാമർശം. സമൂഹമാധ്യമങ്ങളിലൂടെയുള്ള തൊഴിൽ സംബന്ധമായ പരസ്യങ്ങളിൽ വഞ്ചിതരാകാതെ സ്ത്രീകൾ ശ്രദ്ധിക്കണം. തിരുവനന്തപുരം ആസ്ഥാനമാക്കിയുള്ള ഹൊറിസോൺ ഫെസിലിറ്റി മാനേജ്മെന്റ് സർവീസ് എന്ന സ്ഥാപനത്തിനെതിരെ 10 വനിതകൾ നൽകിയ പരാതി പരിഗണിക്കുകയായിരുന്നു കമ്മീഷൻ. പരാതിയിൽ കമ്മീഷന്റെ പോലീസ് വിങ്ങിന്റെ സഹായത്തോടെ തുടരന്വേഷണം നടത്തി വേണ്ട നടപടികൾ സ്വീകരിക്കും. 100 പരാതികൾ പരിഗണിച്ചു. 15 എണ്ണം തീർപ്പാക്കി. ഒരു പരാതി റിപ്പോർട്ട് തേടുന്നതിനും 84 എണ്ണം അടുത്ത അദാലത്തിലേക്കും മാറ്റി. കമ്മീഷൻ അംഗങ്ങളായ ഷാഹിദ കമാൽ, എം. എസ്. താര, ഇ. എം. രാധ, എസ്. ഐ. അനിത റാണി, കൗൺസിലർ സിസ്റ്റർ സംഗീത തുടങ്ങിയവർ പങ്കെടുത്തു. വനിതാ കമ്മീഷൻ അദാലത്ത് ഇന്നും (ഡിസംബർ 3) തുടരും.

# യുവജന കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡിന് അപേക്ഷ ക്ഷണിച്ചു

സംസ്ഥാന യുവജന കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡിന് അപേക്ഷ ക്ഷണിച്ചു. ജനങ്ങൾക്കിടയിൽ നിർണായക സ്വാധീനം ചെലുത്തിയിട്ടുള്ളതും കല,സാംസ്കാരികം, സാഹിത്യം, കായികം, കൃഷി, സാമൂഹ്യസേവനം, വ്യവസായം,സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഉന്നത നേട്ടം കൈവരിച്ചവരുമായ യുവജനങ്ങളെ അവാർഡിന് പരിഗണിക്കും. അവാർഡിനായി നാമനിർദേശം നൽകുകയോ സ്വമേധയാ അപേക്ഷ സമർപ്പിക്കുകയോ ചെയ്യാം. യുവജനക്ഷേമ ബോർഡിൽ നിന്ന് അംഗീകാരമൊന്നും ലഭിച്ചിട്ടില്ലാത്തവരും മുമ്പ് യൂത്ത് ഐക്കൺ അവാർഡിന് അർഹരായിട്ടില്ലാത്തവരുമായിരിക്കണം അപേക്ഷകർ. പൊതുജനങ്ങളിൽ നിന്ന് കിട്ടുന്ന നിർദേശങ്ങൾ പരിഗണിച്ച് വിദഗ്ധ ജൂറിയുടെ തീരുമാനത്തിനു വിധേയമായി ആറ് പേർക്കാണ് അവാർഡ് നൽകുക. യൂത്ത് ഐക്കണായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 20,000 രൂപയുടെ ക്യാഷ് അവാർഡും ബഹുമതി ശിൽപ്പവും നൽകും. നിർദേശങ്ങൾ ്യീൗവേരീാാശശൈീി@ഴാമശഹ.രീാ ൽ അറിയിക്കാം. കൂടാതെ കമ്മീഷന്റെ വികാസ് ഭവനിലുള്ള ഓഫീസിൽ നേരിട്ടും നിർദേശങ്ങൾ നൽകാം. അപേക്ഷകൾ ഡിസംബർ 15നകം നൽകണം.

## കേരളോത്സവം : രജിസ്ട്രേഷൻ തീയതി നീട്ടി

സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഓൺലൈൻ കേരളോത്സവത്തിനുള്ള രജിസ്ട്രേഷൻ, വിഡിയോ അപ്ലോഡിംഗ് എന്നിവയ്ക്കുള്ള അവസാന തീയതി ഡിസംബർ 12 വരെ നീട്ടി. മത്സരാർഥികൾക്കും, ക്ലബുകൾക്കും രജിസ്റ്റർ ചെയ്യാം, വിഡിയോകളും നൽകാം. ഫോൺ 0474 2798440, 9447408609, 9037380195.



ജർമനിയിലേക്ക് നോർക്ക മുഖേന നഴ്സിംഗ് റിക്രൂട്ട്മെന്റ് ആരംഭിക്കുന്നതിന്റെ ധാരണാപത്രം മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ കൈമാറുന്നു



സംസ്ഥാന ഇലക്ഷൻ കമ്മിഷൻ തയ്യാറാക്കിയ ഇലക്ഷൻ ഗൈഡ് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പ്രകാശനം ചെയ്യുന്നു

# ഒമിക്രോൺ: പ്രത്യേക വാക്സിനേഷൻ യജ്ഞം ആരംഭിച്ചു

## പുതിയ സാഹചര്യത്തിൽ വാക്സിൻ എടുക്കുന്നവരുടെ എണ്ണം കൂടി

വിദേശ രാജ്യങ്ങളിൽ ഒമിക്രോൺ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രതിരോധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രത്യേക കോവിഡ് വാക്സിനേഷൻ യജ്ഞം ആരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരമാണ് ഡിസംബർ 15 വരെ പ്രത്യേക വാക്സിനേഷൻ യജ്ഞം സംഘടിപ്പിക്കാൻ തീരുമാനിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികളുടെ സഹകരണത്തോടെ രണ്ടാം ഡോസ് വാക്സിനേഷൻ പൂർത്തീകരിക്കാൻ ബാക്കിയുള്ളവരെ കണ്ടെത്തി വാക്സിൻ നൽകുകയാണ് ലക്ഷ്യം. ഇതോടൊപ്പം ഒന്നാം ഡോസ് എടുക്കാനുള്ളവരേയും കണ്ടെത്തി വാക്സിനെടുപ്പിക്കുകയും ലക്ഷ്യമിടുന്നതായും മന്ത്രി വ്യക്തമാക്കി.

കോവിഡ് ബാധിച്ചവർക്ക് മൂന്നു മാസം കഴിഞ്ഞ് മാത്രം വാക്സിനെടുത്താൽ മതി. രണ്ടാം ഡോസ് വാക്സിൻ എടുക്കാനുള്ളവർ ഒട്ടും കാലതാമസം വരുത്തരുത്. കോവിഷീൽഡ് വാക്സിൻ 84 ദിവസം കഴിഞ്ഞും കോവാക്സിൻ 28 ദിവസം കഴിഞ്ഞും ഉടൻ തന്നെ രണ്ടാം ഡോസ് സ്വീകരിക്കേണ്ടതാണ്. നിശ്ചിത ദിവസം കഴിഞ്ഞ് രണ്ടാം ഡോസ് വാക്സിൻ എടുക്കാത്തവരെ കണ്ടെത്തി ഫീൽഡ് തലത്തിലെ ആരോഗ്യ പ്രവർത്തകർ, പഞ്ചായത്ത് പ്രതിനിധികൾ എന്നിവർ വീട്ടിലെത്തി വാക്സിനെടുക്കാനായി അവബോധം നൽകും.

വിദേശ രാജ്യങ്ങളിൽ ഒമിക്രോൺ റിപ്പോർട്ട് ചെയ്തതിന് ശേഷം സംസ്ഥാനത്തെ വാക്സിനേഷൻ കേന്ദ്രങ്ങളിൽ തിരക്ക് ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ വെള്ളിയാഴ്ച വരെയുള്ള നാല് ദിവസങ്ങളിൽ ഒന്നും രണ്ടും ഡോസും ഉൾപ്പെടെ 4.4 ലക്ഷം പേർ വാക്സിനെടുത്തപ്പോൾ ശനിയാഴ്ച മുതലുള്ള നാല് ദിവസങ്ങളിൽ 6.25 ലക്ഷം പേർ വാക്സിനെടുത്തിട്ടുണ്ട്. ആദ്യ ഡോസ് വാക്സിനേഷൻ 36,428 പേരിൽ നിന്നും 57,991 ആയും രണ്ടാം ഡോസ് 4.03 ലക്ഷം ഡോസിൽ നിന്നും 5.67 ലക്ഷം ഡോസായും വർധിച്ചിട്ടുണ്ട്.

വാക്സിനേടുക്കേണ്ട ജന സംഖ്യയുടെ 96.3 ശതമാനം പേർക്ക് (2,57,04,744) ആദ്യ ഡോസ് വാക്സിനും 65.5 ശതമാനം പേർക്ക് (1,74,89,582) രണ്ടാം ഡോസ് വാക്സിനും നൽകി. ഒന്നും രണ്ടും ഡോസ് ഉൾപ്പെടെ ആകെ 4,31,94,326 ഡോസ് വാക്സിനാണ് നൽകിയത്.

സംസ്ഥാനത്ത് 8 ലക്ഷത്തോളം ഡോസ് വാക്സിൻ സ്റ്റോക്കുണ്ട്. വാക്സിനേഷൻ യജ്ഞത്തിനായി കൂടുതൽ ഡോസ് വാക്സിൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കോവിഡ് വാക്സിൻ കോവിഡ് അണുബാധയിൽ നിന്നും ഗുരുതരാവസ്ഥയിൽ നിന്നും സംരക്ഷിക്കുമെന്ന് തെളിയിച്ചതാണ്. അനാവശ്യ കാരണം പറഞ്ഞ് വാക്സിനെടുക്കാത്തവർക്കെതിരെ മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. രോഗങ്ങൾ, അലർജി മുതലായവ കൊണ്ട് വാക്സിൻ എടുക്കാൻ സാധിക്കാത്തവർ ഏറെ ജാഗ്രത പുലർത്തണം. ഇനിയും വാക്സിൻ എടുക്കാനുള്ളവരും വിദേശത്ത് നിന്നും വരുന്നവരിൽ വാക്സിൻ എടുക്കാനുള്ളവരും ഉടൻ വാക്സിൻ സ്വീകരിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

# രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന് ഇന്ന് മുംബൈയിൽ തുടക്കം

മുംബൈ: നിർണായകമായ ഇന്ത്യന്യൂസീലൻഡ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന് ഇന്ന് മുംബൈയിൽ തുടക്കം.

മുൻനിര താരങ്ങളുടെ മോശം പ്രകടനം ഇന്ത്യൻ ടീമിന് ആശങ്കയായിരിക്കെ കിവീസ് കഴിഞ്ഞ മത്സരം സമനിലയിൽ പിടിക്കാനായതിന്റെ ആത്മവിശ്വാസത്തിലാണ് ഇറങ്ങുന്നത്.

ആദ്യ മത്സരം സമനിലയായതിനാൽ മുംബൈയിൽ ജയിക്കുന്ന ടീമിനെ പരമ്പരനേട്ടമാണ് കാത്തിരിക്കുന്നത്. 2013ന് ശേഷം ഇന്ത്യയിൽ ഒരു വിദേശടീമിനും ടെസ്റ്റ് പരമ്പര നേടാനായിട്ടില്ല. ഈ ചരിത്രം തിരുത്താൻ ന്യൂസീലൻഡിന് സാധിക്കുമോയെന്നാണ് എല്ലാവരും ഉറ്റുനോക്കുന്നത്. രാവിലെ 9.30 നാണ് മത്സരം ആരംഭിക്കുന്നത്.

ഇന്ത്യയുടെ ക്യാപ്റ്റൻ സ്ഥാനത്തേക്ക് വിരാട് കോലി മടങ്ങിയെത്തുന്നത് ടീമിന്റെ ആത്മവിശ്വാസം ഉയർത്തും. എന്നാൽ ആര് വഴി മാറുമെന്നത് പ്രധാനപ്പെട്ട ചോദ്യമാണ്.

അജിൻക്യ രഹാനെ, ചേതേശ്വർ പുജാര എന്നിവരുടെ മോശം ഫോമാണ് ടീമിന്റെ തലവേദന. രണ്ട് പേരും മികച്ച ടെസ്റ്റ് റെക്കോഡുകളുള്ള താരങ്ങളാണെങ്കിലും സമീപകാല പ്രകടനം വളരെ മോശമാണ്. ഒരിക്കൽ കൂടി ഇവരിൽ വിശ്വാസമർപ്പിക്കാൻ പരിശീലകൻ രാഹുൽ ദ്രാവിഡും കോലിയും തയാറായാൽ കഴിഞ്ഞ മത്സരത്തിൽ തിളങ്ങാൻ കഴിയാതെ പോയ മായങ്ക് അഗർവാളായിരിക്കും കോലിക്കുവേണ്ടി വഴിമാറുക. ശ്രേയസ് അയ്യരുടെ അരങ്ങേറ്റ മത്സരത്തിലെ മികച്ച പ്രകടനത്തോടെ മധ്യനിരയിലെ തലവേദനക്ക് അല്പം ആശ്വാസമായിരിക്കുകയാണ്. അരങ്ങേറ്റ ഇന്നിങ്സിൽത്തന്നെ സെഞ്ച്വറി നേടിയ ശ്രേയസ് രണ്ടാം ഇന്നിങ്സിൽ നിർണായക അർധസെഞ്ച്വറിയും നേടി.

വാങ്കഡെയിലെ പിച്ച് പേസർമാർക്ക് മുൻതൂക്കമുള്ളതാണെന്ന് വിലയിരുത്തപ്പെടുന്നു. എന്നാൽ അക്ഷർ പട്ടേൽ ആദ്യ മത്സരത്തിൽ അഞ്ച് വിക്കറ്റ് പ്രകടനമടക്കം നേടി തിളങ്ങിയിരുന്നു. രവീന്ദ്ര ജഡേജ, അശ്വിൻ എന്നിവരും കഴിഞ്ഞ മത്സരത്തിൽ മികച്ച പ്രകടനം പുറത്തെടുത്തവരാണ്.

പേസ് നിരയിൽ തീർത്തും നിരാശപ്പെടുത്തിയ ഇഷാന്ത് ശർമക്ക് പകരം മുഹമ്മദ് സിറാജ് വരികയും മൂന്ന് സ്പിന്നർമാരെ നിലനിർത്തുകയും ചെയ്യാനാണ് സാധ്യത.

# ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ നടപ്പാക്കുന്നു

തിരുവനന്തപുരം: സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകൾ, കെഎസ്എഫ്ഇ, കെഎഫ്സി എന്നിവയുടെ സാമ്പത്തിക കരാറുകളുടെ ഫെസിലേറ്ററായി നാഷണൽ ഇ ഗവേണൻസ് സർവീസസ് ലിമിറ്റഡിനെ നിയോഗിക്കാൻ തീരുമാനം. ഈ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ ഇടപാടുകൾ ഇതോടെ വേഗത്തിലാകും. സേവനങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടിയും ഇൻസോൾവൻസി സർട്ടിഫിക്കറ്റുകളും ഓൺലൈൻ വഴി ലഭ്യമാക്കുന്ന ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷനാണ് നടപ്പിലാകുന്നത്. സംവിധാനം നിലവിൽ വരുന്നതോടെ ഇടപാടുകാർക്ക് ഇടനിലക്കാരെ ഒഴിവാക്കാനാകും. റവന്യൂ ചോർച്ച പൂർണമായും ഒഴിവാക്കാൻ കഴിയുമെന്നതും ഇതിന്റെ പ്രത്യേകതയാണ്. ഇപ്പോഴുള്ള ഇ സ്റ്റാമ്പിങ് സംവിധാനം ഉപയോഗിച്ചുകൊണ്ട് സാമ്പത്തിക കരാറുകൾ കടലാസ് രഹിതമാകും. വായ്പാ കരാറുകൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ എക്സിക്യൂട്ട് ചെയ്യുന്നതിനൊപ്പം സ്റ്റാമ്പ് ഡ്യൂട്ടിയും ഓൺലൈനായി അടയ്ക്കാം. വാണിജ്യ ഇടപാടുകളിലെ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കുന്നതിനുള്ള തടസങ്ങൾ ഒഴിവാകും. ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ നടപ്പാക്കുന്നതോടെ രജിസ്ട്രേഷൻ പരിധിയിൽ വരാത്ത രേഖകൾ കൂടി ഡിജിറ്റൽ ഇ സ്റ്റാമ്പിങ് നടത്തുന്നതിന് നിയമപരമായ അംഗീകാരം ലഭിക്കും. മുഴുവൻ സമയവും പ്രവർത്തിക്കുന്ന, ഇ ഡിജിറ്റൽ ഒപ്പോടുകൂടിയതും ഡിജിറ്റൽ ഇ സ്റ്റാമ്പിങ്ങിലൂടെയുമുള്ള ഡോക്യുമെന്റ് എക്സിക്യൂഷൻ പ്ലാറ്റ് ഫോമാണ് എൻഇഎസ്എൽ തയ്യാറാക്കിയിട്ടുള്ളതെന്ന് കേന്ദ്ര ധനകാര്യ സെക്രട്ടറി കേരളത്തെ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് ഇവരുമായി ഡിജിറ്റൽ ഡോക്യുമെന്റേഷൻ എക്സിക്യൂഷനായി കരാർ ഒപ്പിടാൻ സംസ്ഥാനം തീരുമാനിച്ചത്. കേരളത്തിലെ വാണിജ്യ ബാങ്കുകൾക്കും ഈ സംവിധാനം സഹായകമായിരിക്കും. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ വായ്പകൾക്കും വ്യക്തിഗത വായ്പകൾക്കും ഈ സംവിധാനം ഉപയോഗിക്കാൻ കഴിയും.

# മെട്രോ സ്ഥലമെടുപ്പ്: പുരയിടത്തിന്റെ വില ആവശ്യപ്പെട്ട് ഹർജി

കൊച്ചി: മെട്രോ റയിൽ പ്രോജക്ടിന് വേണ്ടി തൃപ്പൂണിത്തുറയിലുള്ള സീമ ഓഡിറ്റോറിയം സ്ഥിതിചെയ്യുന്ന സ്ഥലവും ഓഡിറ്റോറിയവും സ്പെഷ്യൽ തഹസിൽദാർ (എൽ എ ) പുതിയ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം വിജ്ഞാപനം ഇറക്കി ഏറ്റെടുക്കുന്നതിനെതിരെ ഹൈക്കോടതിയിൽ ഹർജി. സീമ ഓഡിറ്റോറിയത്തിന്റെ ഉടമയും ഡൽഹി യൂണിവേഴ്സിറ്റിയിലെ പ്രൊഫസറുമായ ഷൈലജയാണ് ഹർജി നൽകിയിട്ടുള്ളത്.

റവന്യൂ റെക്കോർഡ്സിൽ ഈ ഭൂമി നിലമാണ്. എന്നാൽ കഴിഞ്ഞ 40 വർഷമായി പുരയിടമായി കിടക്കുന്നതുമാണ്. 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരവും എൻഎച്ച്ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോഴും കേരളത്തിലെ വലിയ ഒരുവിഭാഗം ഭൂ ഉടമകൾ നേരിടുന്ന പ്രതിസന്ധിയാണിത്. നിർബന്ധിത ഭൂമി ഏറ്റെടുക്കൽ പ്രക്രിയയിൽ 2008 ലെ വെറ്റ്ലാന്റ് ആക്ടും 1961 ലെ കെ എൽ യു ഓർഡറിലെ നടപടിക്രമങ്ങൾ പാലിക്കാതെ തന്നെ ഭൂഉടമകൾക്ക് പുരയിടത്തിന്റെ കമ്പോളവില നിർണ്ണയിക്കേണ്ടത് ഒരു പൊതു ആവശ്യമാണ്. റവന്യൂ റെക്കോർഡ്സിൽ നിലമാണെങ്കിലും പുരയിടത്തിന്റെ വിലയാണ് നൽകേണ്ടതെന്ന് ഹർജിയിൽ പറയുന്നു. കേരളത്തിലെ വലിയ വിഭാഗം ഭൂഉടമകൾക്ക് ആശ്വാസം നൽകുന്ന ഹർജിയാണിത്.

2021 ജനവരിയിൽ കോടതി ഈ കേസ് ഹർജിക്കാർക്ക് അനുകൂലമായി തീർപ്പാക്കിയിരുന്നു. സെന്റ് ഒന്നിന് 12,16,467 രൂപയാണ് നിശ്ചയിച്ചിരുന്നത്. റവന്യൂ റെക്കോർഡ്സിൽ നിലമാണെങ്കിലും പുരയിടത്തിന്റെ വിലയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന ഗവൺമെന്റിന്റെ വാദം ശരിയല്ലെന്നും ഹർജിയിൽ പറയുന്നു. ഹർജിക്കാർക്ക് വേണ്ടി അഡ്വ. ടി ആർ എസ് കുമാർ ഹാജരായി.

# എം. എഡ് സീറ്റ് ഒഴിവ്

തിരുവനന്തപുരം ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ രണ്ടു വർഷ എം.എഡ് കോഴ്സിലേക്ക് പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായ വിദ്യാർഥികളുടെ അഭാവത്തിൽ ഒ.ഇ.സി വിഭാഗത്തിലെ വിദ്യാർഥികളെ പരിഗണിക്കും. അർഹരായ എസ്.സി, എസ്.ടി, ഒ.ഇ.സി വിദ്യാർഥികൾ 6 ന് ഉച്ചയ്ക്ക് ഒരു മണിക്ക് മുൻപ് കോളേജിൽ ഹാജരാകണം.

# ലഭ്യമാകുന്ന സ്ഥലങ്ങളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കാനൊരുങ്ങി കൃഷിവകുപ്പ്

തിരുവനന്തപുരം: കേരളത്തിൽ ലഭ്യമാകുന്ന മുഴുവൻ ഇടങ്ങളിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കാനൊരുങ്ങി കൃഷിവകുപ്പ്.

ഇതിനാവശ്യമായ പച്ചക്കറി വിത്തുകളും തൈകളും ഉടനടി ലഭ്യമാക്കും. ഓരോ മലയാളിയും കൃഷിക്കായി കുറച്ചു സമയം മാറ്റിവച്ചാൽ നമുക്ക് ആവശ്യമുള്ള പച്ചക്കറികൾ ഉല്പാദിപ്പിക്കാനാകുമെന്ന് കൃഷി മന്ത്രി പി പ്രസാദ് പറഞ്ഞു.

കർമ്മ സേനകൾ, അഗ്രോസർവീസ് സെന്ററുകൾ, കൃഷിവകുപ്പ് ഫാമുകൾ, വിഎഫ്!പിസികെ തുടങ്ങിയ എല്ലാ സംവിധാനങ്ങളും ഉപയോഗിച്ച് കേരളത്തിലേക്ക് ആവശ്യമായ പരമാവധി പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുമെന്ന് മന്ത്രി പറഞ്ഞു.

പച്ചക്കറികൾക്ക് മറ്റുള്ള സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതിക്ക് മാറ്റം വരുത്തുമെന്ന് ഉറച്ച തീരുമാനമെടുക്കേണ്ടതുണ്ട്.

കഴിയുന്നത്ര ഇടങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യാൻ യുവാക്കൾ മുന്നിട്ടിറങ്ങണം. എല്ലാ അടുക്കളത്തോട്ടവും പച്ചക്കറികൃഷിയാൽ സമൃദ്ധമാകുന്നുണ്ടെന്ന് ഓരോ കുടുംബാംഗങ്ങളും ഉറപ്പാക്കണം. ഒത്തൊരുമിച്ചുള്ള പ്രവർത്തനം ലക്ഷ്യം കാണുക തന്നെ ചെയ്യുമെന്ന് മന്ത്രി പറഞ്ഞു.

അനിയന്ത്രിതമായി പച്ചക്കറി വില ഉയരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഗുണനിലവാരമുള്ള പച്ചക്കറി ഉല്പന്നങ്ങളുടെ ലഭ്യത വർധിപ്പിക്കുന്നതിനും അതുവഴി വിലക്കയറ്റം നിയന്ത്രിക്കുന്നതിനും കൃഷിവകുപ്പ് നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി മുന്നറിയിപ്പ് നൽകി.

# വിലനിലവാര സൂചിക

എക്കണോമിക് സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 2021 ഒക്ടോബർ മാസത്തെ വിലനിലവാര സൂചിക പ്രസിദ്ധീകരിച്ചു. ജില്ല, സൂചിക ക്രമത്തിൽ. 2021 സെപ്റ്റംബർ മാസത്തിലേത് ബ്രാക്കറ്റിൽ.

തിരുവനന്തപുരം 180 (180), കൊല്ലം 176 (175), പുനലൂർ 183 (182), പത്തനംതിട്ട 192 (190), ആലപ്പുഴ 188 (187), കോട്ടയം 185 (183), മുണ്ടക്കയം 179 (177), ഇടുക്കി 181 (179), എറണാകുളം 180 (179), ചാലക്കുടി 190 (189), തൃശൂർ 192 (191), പാലക്കാട് 173 (172), മലപ്പുറം 178 (178), കോഴിക്കോട് 185 (184), വയനാട് 181 (180), കണ്ണൂർ 193 (189), കാസർഗോഡ് 189 (189).

# വിദ്യാർഥികളുടെ ബസ് ചാർജ് വർദ്ധനവ്: ചർച്ച തുടരുമെന്ന് മന്ത്രി

വിദ്യാർഥികളുടെ യാത്രാ കൺസഷൻ നിലവിലെ രീതിയിൽ തുടരണമെന്ന വിദ്യാർഥി സംഘടനകളുടെ ആവശ്യത്തിൽ സ്വകാര്യ ബസുടമകളുമായും ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷനുമായും ചർച്ച ചെയ്ത ശേഷം അന്തിമ തീരുമാനമെടുക്കുമെന്ന് ഗതാഗത മന്ത്രി ആന്റണി രാജു പറഞ്ഞു.

ബസ് ചാർജ് വർദ്ധനവ് സംബന്ധിച്ച് വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുമായി ഗതാഗതമന്ത്രി ആന്റണി രാജുവും പൊതു വിദ്യാഭ്യാസ തൊഴിൽ മന്ത്രി വി. ശിവൻകുട്ടിയും നടത്തിയ ചർച്ചയിലാണ് കൺസഷൻ നിലവിലുള്ളതുപോലെ തുടരണമെന്ന് വിദ്യാർഥി സംഘടനകൾ ആവശ്യപ്പെട്ടത്.

വിദ്യാർഥികളുടെ മിനിമം ചാർജ് നിലവിലുള്ള ഒരു രൂപയിൽ നിന്ന് ആറ് രൂപയായി വർദ്ധിപ്പിക്കണമെന്നും വിദ്യാർത്ഥികളുടെ കൺസഷൻ നിരക്ക് 50 ശതമാനമായി ഉയർത്തണമെന്നുമായിരുന്നു സ്വകാര്യ ബസ് ഉടമകളുടെ ആവശ്യം. ബസ് നിരക്ക് നിർദ്ദേശിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ ശുപാർശയും വിദ്യാർഥികളുടെ ബസ് ചാർജ് 5 രൂപയായി വർദ്ധിപ്പിക്കണം എന്നായിരുന്നു.

2012ലാണ് വിദ്യാർഥികളുടെ മിനിമം ബസ് ചാർജ് 50 പൈസയിൽ നിന്നും ഒരു രൂപയായി വർദ്ധിപ്പിച്ചത്. ഡീസലിന്റെയും അനുബന്ധ ഘടകങ്ങളുടെയും വിലവർദ്ധന പരിഗണിച്ച് ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിൽ സ്വകാര്യ ബസുടമ സംഘടനകളുമായി നടത്തിയ ചർച്ചയിൽ ചാർജ്ജ് വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിക്കുകയും ഇതു സംബന്ധിച്ച് വിദ്യാർഥി സംഘടനകളെക്കൂടി വിശ്വാസത്തിലെടുത്തേ തീരുമാനിക്കൂ എന്നും ഗതാഗത മന്ത്രി അറിയിച്ചിരുന്നു.

ഇതിന്റെ തുടർച്ചയായാണ് വിദ്യാർഥി സംഘടനാ പ്രതിനിധികളുമായി മന്ത്രിമാർ ചർച്ച നടത്തിയത്.

# വാഹനപുക പരിശോധകർക്ക് പ്രത്യേക പരിശീലനം: മന്ത്രി ആന്റണി രാജു

കാലാവസ്ഥാ വ്യതിയാനത്തിന്റെയും അന്തരീക്ഷ മലിനീകരണത്തിന്റെയും പശ്ചാത്തലത്തിൽ വാഹനങ്ങളുടെ പുക പരിശോധന കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പ്രത്യേക പരിശീലനം ആരംഭിച്ചതായി മന്ത്രി ആന്റണി രാജു അറിയിച്ചു.

അന്തരീക്ഷ മലിനീകരണത്തിന്റെ വെല്ലുവിളികൾ കണക്കിലെടുത്ത് പുതിയ വാഹനങ്ങൾക്ക് ആടഢക നിലവാരത്തിലുള്ള മലിനീകരണ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. അതത് കാലങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പരമാവധി മലിനീകരണ തോതിനുള്ളിലാണ് വാഹനങ്ങളുടെ പുക എന്ന് ഉറപ്പാക്കുന്നതിന് നിശ്ചിത ഇടവേളകളിലുള്ള പരിശോധന കർശനമാക്കേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു.

അന്തരീക്ഷ മലിനീകരണം കാരണം ലോകത്ത് 3.7 ദശലക്ഷം മനുഷ്യർ മരണപ്പെടുന്നതിൽ വലിയൊരുപങ്ക് നമ്മുടെ രാജ്യത്താണ്.

പക്ഷാഘാതം, ശ്വാസകോശരോഗങ്ങൾ, നാഡീവ്യവസ്ഥ തകരാറലാകുക, ഹൃദ്രോഗം, മാനസിക രോഗങ്ങൾ തുടങ്ങിയവയ്ക്ക് പ്രധാന കാരണം അന്തരീക്ഷ മലിനീകരണമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഗർഭസ്ഥ ശിശുക്കളും കുട്ടികളും മുതൽ എല്ലാ വിഭാഗം ജനങ്ങളെയും ബാധിക്കുന്ന ഈ പ്രശ്നത്തിന് പ്രധാന കാരണമായ അന്തരീക്ഷ മലിനീകരണം പരമാവധി തടയേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു.

സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ എടപ്പാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് ആൻഡ് റിസർച്ച് കേന്ദ്രത്തിലാണ് സംസ്ഥാനത്തെ മുഴുവൻ വാഹന പുക പരിശോധകർക്കും ബാച്ചുകളായി പരിശീലനം സംഘടിപ്പിക്കുന്നത്.

# പെരിയ ഇരട്ടക്കൊലപാതകം: അഞ്ച് പ്രതികൾ റിമാൻഡിൽ

കൊച്ചി: പെരിയ ഇരട്ടക്കൊല കേസിൽ മുൻ കാസർകോട് എംഎൽഎയും സിപിഎം ജില്ലാ സെക്രട്ടറിയേറ്റ് അംഗവുമായ കെ വി കുഞ്ഞിരാമനെ സിബിഐ പ്രതി ചേർത്തു. കുഞ്ഞിരാമൻ ഉൾപ്പെടെ പുതിയതായി 10 പേരെ പ്രതി ചേർത്തതായാണ് സിബിഐ കോടതിയെ അറിയിച്ചത്. പത്തിൽ അഞ്ച് പേരുടെ അറസ്റ്റ് രേഖപ്പെടുത്തി. എല്ലാവരേയും ഉടൻ അറസ്റ്റ് ചെയ്യേണ്ട സാഹചര്യമില്ലെന്നും സിബിഐ വ്യക്തമാക്കി. കേസിൽ 21ാം പ്രതിയാണ് കുഞ്ഞിരാമൻ. കനയാൽ ബാങ്ക് പ്രസിഡന്റ് ഭാസ്കരൻ കേസിലെ 22ാം പ്രതിയാണ്. രാഘവൻ വെളുത്തോൾ, ഗോപൻ വെളുത്തോൾ, സന്ദീപ് വെളുത്തോൾ എന്നിവരാണ് മറ്റ് പ്രതികൾ. ഗൂഢാലോചന നടത്തിയതുമായി ബന്ധപ്പെട്ട് അഞ്ച് പേരെ സിബിഐ അറസ്റ്റ് ചെയ്തിരുന്നു. സിപിഎം ബ്രാഞ്ച് സെക്രട്ടറി രാജേഷ്, കൂട്ടുപ്രതികളായ സുരേന്ദ്രൻ, ശാസ്താ മധു, ഹരിപ്രസാദ്, റെജി വർഗീസ്, വിഷ്ണു സുര എന്നിവരാണ് അറസ്റ്റിയായത്. ഇവരെ കോടതി റിമാൻഡ് ചെയ്തു. യൂത്ത് കോൺഗ്രസ് പ്രവർത്തകരായ കൃപേഷിനേയും ശരത് ലാലിനേയും കൊലപ്പെടുത്തുന്നതിന് ഗൂഢാലോചന നടത്തിയത് ഉൾപ്പെടെയുള്ള കുറ്റങ്ങളാണ് ഇവർക്കെതിരെ സിബിഐ ചുമത്തിയിരിക്കുന്നത്.

# ജൂനിയർ പ്രോഗ്രാമർ ഒഴിവ്

തിരുവനന്തപുരം കോളേജ് ഓഫ് എൻജിനിയറിങിലെ (സിഇടി) സെൻട്രൽ കമ്പ്യൂട്ടിങ് ഫെസിലിറ്റി (സിസിഎഫ്) വിഭാഗത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജൂനിയർ പ്രോഗ്രാമ്മറിന്റെ ഏതാനും ഒഴിവുകളുണ്ട്. ഡിസംബർ നാലു വരെ ഓൺലൈൻ ആയി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനുമായി ०००.രലേ.മര.ശി സന്ദർശിക്കാം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.